# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ഇടുക്കി-685584**

**ഇ-മെയിൽ: doidk.ksad@kerala.gov.in**
**ഫോൺ : 04862-227332**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.ഐ.ഡി.കെ.പി6/897/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 10/10/2025
ഇ-മെയിൽ:
doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി6/897/2025 തീയ്യതി: 10/10/2025

# ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-11-2024 മുതൽ 12-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ വിനോദ് കെ കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 14-07-2025 | 18-07-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2025 | 18-07-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. സൂസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. സ്റ്റാർ പി. ജോൺ, ഓഡിറ്റ് ഓഫീസർ
ശ്രീ. ജിബി ഇ.വി., ഓഡിറ്റ് ഓഫീസർ
ശ്രീ. അലി.എ. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. രാജേഷ് കുമാർ പി.ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ഷൈനി എം.ആർ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.കെ. സജികുമാർ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ. അജി റ്റി. | സെക്രട്ടറി | 01-04-2024 | 12-09-2024 |
| ശ്രീ. പ്രവീൺ റ്റി. ജെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-09-2024 | 06-10-2024 |
| ശ്രീ. ഗിഫ്റ്റി ജെ. | സെക്രട്ടറി | 07-10-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി. സിഫി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-08-2024 |
| ശ്രീ. പ്രവീൺ റ്റി. ജെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-09-2024 | 23-12-2024 |
| ശ്രീ. ജോഷി എം. മണി | അസിസ്റ്റന്റ് സെക്രട്ടറി | 24-12-2024 | 31-03-2025 |
| ശ്രീമതി. അജിത പി. കുമാരൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ഡോ. മിലി എം. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2024 | 31-10-2024 |
| ഡോ. ജൂഹിൻ തോമസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-11-2024 | 19-12-2024 |

| | | | |
|---|---|---|---|
| ഡോ. വിഷ്ണു മോഹൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 20-12-2024 | 31-03-2025 |
| ഡോ. ശ്രീജിത്ത് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2024 | 31-03-2025 |
| ഡോ. ശ്രീകുമാർ പി. ജി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ. അഞ്ചലി ഫ്രാൻസിസ് | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി. ആഷ സശി | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി. സൗമ്യ റേച്ചൽ വർഗ്ഗീസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീ. ശിവകുമാർ | ഹെഡ്മാസ്റ്റർ | 01-04-2024 | 31-03-2025 |
| ശ്രീമതി. മെൽവിൻ ജോർജ് | വി.ഇ.ഒ | 01-04-2024 | 12-11-2024 |
| ശ്രീമതി. ശ്രീജ ആർ. | വി.ഇ.ഒ | 13-11-2024 | 31-03-2025 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | വാർഷികധനകാര്യപത്രികയോടൊപ്പം എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-3 |
| 5 | ആസ്തികളുടെ തേയ്മാനം നിശ്ചിത നിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല | 1-1-4 |
| 6 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന അനുബന്ധരേഖകൾ സൂക്ഷിക്കുന്നില്ല | 1-1-5 |
| 7 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് - പാർട്ട് ബില്ലുകളുടെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. | 1-1-7 |
| 9 | ബാങ്കിൽ നിക്ഷേപിച്ച ചെക്ക് പ്രകാരമുള്ള തുക അക്കൗണ്ടിൽ ക്രെഡിറ്റായിട്ടില്ല. | 1-1-8 |
| 10 | വാർഷികകണക്കിലെ തുകകളെ സാധൂകരിക്കുന്ന രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല. | 1-1-9 |
| 11 | വസ്തു നികുതി - കുടിശ്ശികയ്ക്ക് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-10 |
| 12 | ജവഹർ ഭവനപദ്ധതി - വായ്പ രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | ഗ്രാന്റ് വിനിയോഗം | 1-3 |
| 15 | പദ്ധതി അവലോകനം | 1-4 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 17 | ക്ഷേമപെൻഷൻ | 1-6 |
| 18 | ക്യാഷ് പരിശോധന | 1-7 |
| 19 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 20 | സ്വകാര്യ ഹോസ്റ്റൽ/ഹോംസ്റ്റേകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-9 |
| 21 | പഞ്ചായത്ത് ലൈബ്രറിയുടെ കളക്ഷൻ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-10 |
| 22 | കാലഹരണപ്പെട്ട വാഹനം കയ്യൊഴിക്കാൻ നടപടികൾ സ്വീകരിച്ചില്ല | 1-11 |
| 23 | 1964 - ലെ പട്ടയഭൂമിയിൽ സ്പെഷ്യൽ റസിഡൻസിന് നിർമ്മാണാനുമതി നൽകിയിരിക്കുന്നു. | 1-12 |
| 24 | വനിതകൾക്ക് വ്യക്തിഗതസ്വയംതൊഴിൽ സംരംഭം - രേഖകൾ ഹാജരാക്കിയില്ല - ₹90,000/- തടസ്സപ്പെടുത്തുന്നു. | 1-13 |
| 25 | ലൈഫ് ഭവനപദ്ധതി - ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിൽ കാലതാമസം | 1-14 |
| 26 | അങ്കണവാടി ഭക്ഷ്യസാമഗ്രികൾ - ന്യൂട്രിമിക്സ് വിതരണം - ജി.എസ്.ടി. ഇനത്തിൽ അധികം തുക നൽകി | 1-15 |
| 27 | ഫാമിലി ഹെൽത്ത് സെന്ററിന് മരുന്ന് വാങ്ങൽ - അപാകങ്ങൾ | 1-16 |
| 28 | മൊബൈൽ മോർച്ചറി വാങ്ങൽ - അപാകങ്ങൾ - ₹1,00,000/- - തടസ്സപ്പെടുത്തുന്നു | 1-17 |
| 29 | മരുന്ന് വാങ്ങൽ - സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തുന്നില്ല | 1-18 |
| 30 | ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ പദ്ധതി നടത്തിപ്പിൽ അവ്യക്തത -₹14,890/- തടസ്സപ്പെടുത്തുന്നു | 1-19 |
| 31 | പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - ചെലവ് രേഖകൾ ഹാജരാക്കിയില്ല - ₹ 3,30,000/- തടസ്സപ്പെടുത്തുന്നു | 1-20 |
| 32 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-21 |
| 33 | പട്ടികജാതിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചില്ല - ₹3,30,000/- - ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 34 | ഇലക്ഷൻ ഡെപ്പോസിറ്റ് - പഞ്ചായത്തു ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല | 1-23 |
| 35 | മാലിന്യസംസ്ക്കരണപ്ലാന്റ് നിർമ്മാണം - അതിർത്തി നിശ്ചയിച്ചതിലെ അപാകങ്ങൾ - പ്രവർത്തനം നിലച്ചു | 1-24 |
| 36 | പകൽവീട് നിർമ്മാണം - പ്രായോഗികത ഉറപ്പാക്കിയില്ല | 1-25 |
| 37 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല | 1-26 |
| 38 | ജൽജീവൻ മിഷൻ പദ്ധതി - അവലോകനം | 1-27 |
| 39 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും - അവലോകനം | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | മാലിന്യസംസ്ക്കരണപ്ലാന്റ് നിർമ്മാണം - അതിർത്തി നിശ്ചയിച്ചതിൽ അപാകങ്ങൾ - പ്രവർത്തനം നിലച്ചു - ₹7,30,634/- നിരാകരിക്കുന്നു. | 3-1 |
| 2 | അങ്കണവാടി ഭക്ഷ്യസാമഗ്രികൾ - ന്യൂട്രിമിക്സ് വിതരണം ജി.എസ്.ടി. ഇനത്തിൽ അധികം തുക നൽകി - ₹36,260/- തടസ്സപ്പെടുത്തുന്നു | 3-2 |
| | **ഭാഗം 4** | |

| | | |
|---|---|---|
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച് പരിശോധന | 4-1 |
| 2 | സംയുക്തപദ്ധതികൾക്ക് ലഭിച്ച തുകയുടെ വിവരം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികളുടെ വിവരം | 4-3 |
| 4 | വായ്പ - വായ്പ്പതിരിച്ചടവ് | 4-5 |
| 5 | സ്ഥിരനിക്ഷേപം | 4-6 |
| 6 | ഓഡിറ്റ് റിക്കവറി | 4-7 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. 1994 – ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4), 2011 – ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3 എന്നിവ പ്രകാരവും സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 4(1)/04.06.2025 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 23.06.2025 – ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഉടുമ്പൻചോല ഗ്രാമപ്പഞ്ചായത്തിന്റെ മാർച്ച് 2025 – ൽ അവസാനിച്ച വർഷത്തിലെ റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 2025 മാർച്ച് 31 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തികപ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തികപ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധറിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഉടുമ്പൻചോല ഗ്രാമപ്പഞ്ചായത്തിന്റെ 2024-2025 വർഷത്തേക്കുള്ള വാർഷിക സാമ്പത്തികപ്രസ്താവനകൾ സാമ്പത്തികഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ
10.10.2025

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## 1-1-1 വാർഷികധനകാര്യപത്രികയോടൊപ്പം എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

2011 - ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ്, റൂൾ 62(2) (ഇ), (എഫ്) എന്നിവ പ്രകാരം വാർഷികധനകാര്യപത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ 'Net Increase/(Decrease) In Cash And Cash Equivalents' – ൽ രേഖപ്പെടുത്തിയ തുകയും (₹45,39,413/-) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity (A+B+C)' -ൽ

രേഖപ്പെടുത്തിയ തുകയും (₹2,32,00,951/-) തുല്യമല്ല. ആയതിനാൽ പത്രിക പ്രകാരം സാമ്പത്തികവർഷത്തിലെ ആകെ കാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്ത തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല**

26.07.2011 - ലെ ജി.ഒ.(എം.എസ്.)നം.152/2011/ത.സ്വ.ഭ.വ. – ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വിവിധ ഷെഡ്യൂളുകളിൽ 31.03.2025 – ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികത, കൃത്യത എന്നിവ വ്യക്തമല്ല.

**1-1-4 ആസ്തികളുടെ തേയ്മാനം നിശ്ചിത നിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല**

ആസ്തികളുടെ തേയ്മാനം കണക്കാക്കിയ സംഗതിയിൽ, വർക്ക്ഷീറ്റ് ലഭ്യമാക്കാത്തതിനാൽ തേയ്മാനം നിശ്ചിത നിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കുവാൻ കഴിയുന്നില്ല.

**1-1-5 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന അനുബന്ധരേഖകൾ സൂക്ഷിക്കുന്നില്ല**

ജേണൽ വൗച്ചറുകളെ പിന്തുണയ്ക്കുന്ന അനുബന്ധരേഖകൾ സൂക്ഷിക്കുന്നില്ല. ആയതിനാൽ ജേണൽ വൗച്ചർ പ്രകാരം നടത്തുന്ന രേഖപ്പെടുത്തലുകളുടെ ആധികാരികത ഉറപ്പാക്കുവാൻ കഴിയുന്നില്ല.

**1-1-6 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് - പാർട്ട് ബില്ലുകളുടെ തുകകൾ പൊരുത്തപ്പെടുന്നില്ല**

അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ കണക്ക് പ്രകാരം, തൻവർഷം നാല് പൊതുമരാമത്ത് പ്രവൃത്തികളിലായി ₹22,36,691/- പാർട്ട് ബില്ല് നൽകിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ ബി-11(ബി) ഷെഡ്യൂളിൽ Capital Work – In - Progress എന്ന ശീർഷകത്തിൽ ₹29,05,537/- യാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-1-7 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.**

ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള ഇലക്ഷൻ ഡെപ്പോസിറ്റ് പോലെയുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

**1-1-8 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് പ്രകാരമുള്ള തുക അക്കൗണ്ടിൽ ക്രെഡിറ്റായിട്ടില്ല.**

ഗ്രാമപ്പഞ്ചായത്തിന്റെ, യൂണിയൻ ബാങ്ക് ഉടുമ്പൻചോല ശാഖയിലെ 423402010001989 – നമ്പർ അക്കൗണ്ടിലെ റിക്കൺസീലിയേഷൻ പരിശോധിച്ചതിൽ, ചുവടെ ചേർക്കുന്ന രണ്ട് ചെക്കുകൾ ഡെപ്പോസിറ്റ് ചെയ്തത് നാളിതുവരെയും കളക്ഷൻ വന്നിട്ടില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. മുൻവർഷങ്ങളിലെ ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പരിശോധിച്ചെങ്കിലും പ്രസ്തുത തീയതിൽ ഇപ്രകാരം ചെക്ക് ലഭിച്ചതായി രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

| ക്രമ നം. | രസീത് നം. | തീയതി | തുക (₹) | റിമാർക്സ് |
|---|---|---|---|---|
| 1 | 118060900084 | 30.03.2019 | 11,778/- | ചെക്ക് നമ്പർ ലഭ്യമല്ല |
| 2 | 118060900083 | 31.03.2022 | 26,934/- | ചെക്ക് നമ്പർ ലഭ്യമല്ല |
| ആകെ | | | 38,712/- | |

പ്രസ്തുത ചെക്ക് ഏതെങ്കിലും നികുതി – നികുതിയേതര വരവായിരിക്കും എന്ന് അനുമാനിക്കാവുന്നതാണ്. ചെക്ക് ലഭിക്കുമ്പോൾ തന്നെ ആയത് ബന്ധപ്പെട്ട ഡിമാന്റിൽ നിന്നും കുറവ് ചെയ്തിട്ടുണ്ടെങ്കിൽ ഇത് നികുതി വരുമാനത്തിന്റെ കുറവായി കാണേണ്ടതാണ്. വർഷങ്ങൾ പിന്നിട്ടിട്ടും പ്രസ്തുത തുകകൾ ഏത് ഇനത്തിലുള്ള വരവാണെന്നും പ്രസ്തുത തുക നാളിതുവരെ പണമായി ലഭിക്കാതിരുന്നിട്ടും ആയതിന്മേൽ സ്വീകരിച്ച നടപടി എന്താണെന്നും അറിയിക്കുവാൻ ആവശ്യപ്പെട്ട് 16.07.2025 – ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 22 – ന് മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ വ്യക്തമായ പരിശോധന നടത്തി നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-1-9 വാർഷികകണക്കിലെ തുകകളെ സാധൂകരിക്കുന്ന രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല.**

വാർഷികകണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ തുടങ്ങിയ അവശ്യരേഖകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല.

**1-1-10 വസ്തു നികുതി - കുടിശ്ശികയ്ക്ക് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.**

വാർഷികകണക്ക് പ്രകാരം വസ്തുനികുതിയുടെ കുടിശ്ശിക ഉണ്ടെങ്കിലും പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

**1-1-11 ജവഹർ ഭവനപദ്ധതി - വായ്പ രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല**

| പദ്ധതി നം./പദ്ധതിയുടെ പേര് | 6/25, ജവഹർ ഭവനപദ്ധതി വായ്പതിരിച്ചടവ് | 7/25, / ജവഹർ ഭവനപദ്ധതി പലിശ തിരിച്ചടവ് |
|---|---|---|
| അടങ്കൽ (₹) | 6,60,000/- | 2,04,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
| വൗച്ചർ നം./തീയതി/ ചെലവ് തുക (₹) | 24100452013100394387/10.07.2024/ 6,60,000/- | 24100452013100394389/10.07.2024/ 2,04,000/- |

ജവഹർ ഭവനപദ്ധതിയുടെ വായ്പത്തുക, പലിശ എന്നിവയുടെ തിരിച്ചടവിന് ആകെ ₹8,64,000/- ചെലവഴിച്ചിട്ടുണ്ട്. വായ്പക്കുടിശ്ശികയുടെ കൃത്യത പരിശോധിക്കുന്നതിന് വായ്പ രജിസ്റ്റർ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 15.07.2025 – ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.12 – ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ വായ്പയുടെ ഒടുക്ക് സംബന്ധിച്ച കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞില്ല. വായ്പ രജിസ്റ്റർ കൃത്യതയോടെ പരിപാലിക്കേണ്ടതാണ്.

**1-2 ബജറ്റ്**

പഞ്ചായത്തിന്റെ 2024 – 2025 വർഷത്തെ ബജറ്റ് 09.02.2024 – ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചെങ്കിലും പിന്നീട് 24.03.2025 – ൽ പുതുക്കിയ ബജറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തീരുമാനം നമ്പർ/തീയതി |
|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 1(1)/07.03.2025 |
| ഭരണസമിതി അംഗീകാരം | 1(1)/24.03.2025 |

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം (₹) |
|---|---|
| മുന്നിരിപ്പ് | 4,50,000 |
| വരവ് | 23,43,15,449 |
| ആകെ | 23,47,65,499 |
| ചെലവ് | 23,41,07,656 |
| നീക്കിയിരിപ്പ് | 6,57,793 |

**1-3 ഗ്രാന്റ് വിനിയോഗം**

| ഗ്രാന്റ് | മുന്നിരിപ്പ്/ അലോട്ട്മെന്റ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസന ഫണ്ട് – പൊതുവിഭാഗം | 0 | 1,70,72,000/- | 1,70,72,000/- | 1,62,70,597/- | 8,01,403/- |
| വികസനഫണ്ട് - എസ്.സി.പി. | 0 | 57,75,920/- | 57,75,920/- | 27,62,980/- | 30,12,940/- |
| വികസന ഫണ്ട് – റ്റി.എസ്.പി. | 0 | 13,16,000/- | 13,16,000/- | 7,79,137/- | 53,68,63/- |
| സംരക്ഷണഗ്രാന്റ് – നോൺ റോഡ് | 0 | 79,22,000/- | 79,22,000/- | 59,72,032/- | 19,49,968/- |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 3,30,26,000/- | 33,02,6000/- | 3,29,27,624/- | 98,376/- |
| കേന്ദ്രധനകാര്യകമ്മീഷൻ അവാർഡ് (റ്റൈഡ്) | 48,17,052/- | 65,82,000/- | 1,13,99,052/- | 49,19,294/- | 64,79,758/- |
| കേന്ദ്രധനകാര്യകമ്മീഷൻ അവാർഡ് (അൺറ്റൈഡ്) | 15,66,708/- | 31,58,639/- | 47,25,347/- | 30,72,541/- | 16,52,806/- |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ്. | 34,21,141/- | 22,03,080/- | 56,24,221/- | 42,52,548/- | 13,71,673/- |
| സ്വച്ഛഭാരത് അഭിയാൻ | 12,757/- | 355/- | 13,112/- | 0 | 13,112/- |
| ലൈബ്രറി ഗ്രാന്റ് | 11,440/- | 10,440/- | 21,880/- | 10,000/- | 11,880/- |
| ശുചിത്വമിഷൻ | 0 | 66,000/- | 66,000/- | 0 | 66,000/- |
| ഹെൽത്ത് ഗ്രാന്റ് – പരിശോധനാ കേന്ദ്രം | 3,39,768/- | 2,95,419/- | 6,35,187/- | 3,30,429/- | 304,758/- |
| ഹെൽത്ത് ഗ്രാന്റ്- പിഎച്ച്.സി., സബ് സെന്റർ | 2,49,963/- | 4,84,230/- | 7,34,193/- | 2,35,928/- | 4,98,265/- |
| പ്രത്യേക സംസ്ഥാനവിഹിതം | 13,74,000/- | 35,40,000/- | 49,14,000/- | 33,44,000/- | 15,70,000/- |
| മറ്റ് മൂലധന ഗ്രാന്റ് – ഇനം വ്യക്തമല്ല (320800199) | 2,21,450/- | 0 | 2,21,450/- | 0 | 2,21,450/- |
| പകർച്ചവ്യാധിനിയന്ത്രണം | 1,52,136/- | 0 | 1,52,136/- | 0 | 1,52,136/- |
| മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള വരവ് | 4,83,000/- | 0 | 4,83,000/- | 0 | 4,83,000/- |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

1) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | അങ്കണവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് (₹) | എസ്.സി.പി./ റ്റി.എസ്.പി. എന്നിവയിലേക്ക് പുനഃക്രമീകരിച്ച തുക (₹) | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (₹) | ആകെ (₹) |
|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ | 10,95,000/- | 2,44,920/- | 56,05,665/- | 69,45,585/- |
| വികസന ഫണ്ട് – എസ്.സി.പി. | 0 | 0 | 2,81,162/- | 2,81,162/- |
| വികസന ഫണ്ട് - ടി.എസ്.പി. | 0 | 0 | 2,32,339 | 2,32,339 |

2) വികസന ഫണ്ട്, ജനറൽ, എസ്.സി.പി. എന്നിവയിലെ ഗ്രാന്റ് പത്രികയിലെ ചെലവ് തുക വാർഷികകണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

3) കേന്ദ്രസംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ ലഭ്യമല്ല.

4) വിവിധ ഗ്രാന്റുകളുടെ ചെലവുകൾ സംബന്ധിച്ച് വാർഷികകണക്കിലുള്ള ജേണൽ എൻട്രികൾക്ക് ആധാരമായി രേഖകൾ സൂക്ഷിച്ചിട്ടില്ല.

5) ഗ്രാന്റ് പത്രികയിലെ ചെലവ് തുക, സുലേഖ പത്രികയിലെ ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

6) 15.07.2021 – ലെ സ.ഉ.(കൈ)നം.79/2021/ധന. - പ്രകാരം 2021 – 2022 മുതൽ ഒരു സാമ്പത്തികവർഷം അനുവദിക്കുന്ന വികസന ഫണ്ട് 80 ശതമാനത്തിൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ 20 ശതമാനം വരെ മാത്രമെ അടുത്ത സാമ്പത്തികവർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളു. കൂടാതെ, എസ്.സി.പി./ടി.എസ്.പി. ഫണ്ടുകളിൽ ചെലവഴിക്കാത്ത തുകയിൽ ക്യാരി ഓവർ ചെയ്യുന്ന 20 ശതമാനം കിഴിച്ചുള്ള തുക (ഷോർട്ട് ഫാൾ) അടുത്ത വർഷത്തെ പൊതുവിഭാഗ വികസനഫണ്ടിൽ നിന്നും നീക്കുപോക്ക് ചെയ്യുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

| ഫണ്ട് ഇനം | വരവ് (₹) | ചെലവ് (₹) | ചെലവ് ശതമാനം (%) | ലാപ്സായ തുക (₹) |
|---|---|---|---|---|
| വികസനഫണ്ട് – എസ്.സി.എസ്. പി. | 55,31,000/- | 27,62,980/- | 49.95 | 16,61,820/- |
| വികസനഫണ്ട് – ടി.എസ്.പി. | 13,16,000/- | 7,79,137/- | 59.20 | 2,73,663/- |
| സംരക്ഷണ ഗ്രാന്റ് – നോൺ റോഡ് | 79,22,000/- | 52,92,176/- | 66.80 | 10,45,424/- |
| സംരക്ഷണ ഗ്രാന്റ് – റോഡ് | 3,30,26,000/- | 1,17,94,189/- | 67.80 | 1,46,26,611/- |

## 1-4 പദ്ധതി അവലോകനം

പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും 15.12.2023 – ൽ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ചേരുകയും ചെയ്തു. തയ്യാറാക്കിയ കരട് പദ്ധതികൾ 17.12.2023 മുതൽ 22.12.2023 വരെ നടന്ന പദ്ധതി ആസൂത്രണഗ്രാമസഭ/ഊരുകൂട്ടയോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 30.12.2023 – ൽ വികസന സെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു.

വാർഷിക പദ്ധതിയ്ക്ക് താഴെ പ്രതിപാദിക്കും പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

അംഗീകാര നം./തീയതി - നം.677/24/DPC/DPO/IDK/05.03.2025

2024 – 2025 സാമ്പത്തികവർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം (%) |
|---|---|---|---|---|---|
| 243 | 19,68,11,798/- | 169 | 7,46,78,944/- | 74 | 69.54 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം (%) |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 19,78,700 | 19,78,700 | 100 |
| വെറ്ററിനറി സർജൻ | 7 | 7 | 13,15,100 | 11,98,159 | 91.11 |
| മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) | 12 | 10 | 38,09,002 | 30,46,901 | 79.99 |
| ICDS സൂപ്പർവൈസർ | 8 | 7 | 52,05,000 | 36,33,042 | 69.80 |
| വി.ഇ.ഒ. | 25 | 19 | 9,49,86,801 | 76,65,316 | 8.06 |
| ക്ഷീരവികസന ഓഫീസർ | 1 | 1 | 15,00,000 | 5,71,670 | 38.11 |
| സെക്രട്ടറി | 46 | 36 | 1,27,13,903 | 1,18,74,904 | 93.40 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 130 | 79 | 7,22,59,592 | 4,29,92,732 | 59.50 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 3 | 18,85,000 | 7,10,000 | 37.67 |
| ഹെഡ്മാസ്റ്റർ | 4 | 4 | 11,58,700 | 10,07,520 | 86.95 |
| ആകെ | 243 | 171 | 19,68,11,798 | 7,46,78,944 | 37.94 |

വിവിധ പദ്ധതികൾക്കായി ആകെ വകയിരുത്തിയിരുന്ന ₹19,68,11,798/- – ൽ ₹7,46,78,944/- മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്.

വി.ഇ.ഒ., അസിസ്റ്റന്റ് എഞ്ചീനിയർ, ക്ഷീരവികസനഓഫീസർ, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.), അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി നടപ്പാക്കിയ പദ്ധതികളുടെ ചെലവ് കുറവായത് വാർഷികപദ്ധതിയുടെ ചെലവ് കുറയാൻ കാരണമായി.

പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതു മുതൽ പൂർത്തിയാകുന്നതു വരെ മോണിട്ടർ ചെയ്യുന്നത് പദ്ധതി നടത്തിപ്പിലെ അപാകങ്ങളും പോരായ്മകളും പരിഹരിക്കുന്നതിനും പദ്ധതി ലക്ഷ്യത്തിലെത്തിക്കുന്നതിനും സഹായിക്കുന്നു. നിർവ്വഹണം പൂർത്തിയാക്കിയ എല്ലാ പദ്ധതികളുടെ ഫയലുകളിലും പൂർത്തീകരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് സമിതി റിപ്പോർട്ട് എന്നിവ തയ്യാറാക്കി സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

വ്യക്തിഗത ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ അവർ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ടി ലിസ്റ്റ് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുള്ളതാണെന്നും നിർവ്വഹണോദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ, ഉപകരണങ്ങൾ, തൈകൾ,

വിത്തുകൾ, വളർത്തു മൃഗങ്ങൾ/പക്ഷികൾ എന്നിവയെ നൽകുമ്പോൾ കൈപ്പറ്റ് രസീത് അല്ലെങ്കിൽ വിതരണ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

**1-5 തൊഴിലുറപ്പ് പദ്ധതി**

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 0 | 6,19,469/- | 6,19,469/- | 5,42,926/- | 76,543/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 5,20,15,657/- | 5,20,15,657/- | 5,20,15,657/- | 0 |

**കുറിപ്പ്:**

1. സോഷ്യൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ ₹55,811/- (₹48,731/- + ₹7,080/-) വരവും ചെലവുമുണ്ടായിരുന്നു എങ്കിലും ഇതിൽ ₹48,731/- – യുടെ വരവ് – ചെലവ് മാത്രമാണ് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.
2. ഭരണച്ചെലവ് ഇനത്തിലെ വരവിൽ ₹ 1,753/- പലിശയും ₹48,731/- ഓഡിറ്റ് റിക്കവറിയും ഉൾപ്പെട്ടിട്ടുണ്ട്.
3. ഭരണച്ചെലവ് ഇനത്തിലെ ചെലവിൽ ₹6/- പലിശയും ₹48,731/- ഓഡിറ്റ് റിക്കവറിയും ഉൾപ്പെട്ടിട്ടുണ്ട്.
4. ഭരണച്ചെലവ് കണക്കുകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

**1-6 ക്ഷേമപെൻഷൻ**

തൻവർഷം വിവിധ ക്ഷേമപദ്ധതികൾക്ക് ഗ്രാമപ്പഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 80,000 | 4 |
| വിധവ പെൻഷൻ | 84,09,400 | 443 |
| വാർദ്ധക്യകാലപെൻഷൻ | 2,28,09,200 | 1184 |
| വികലാംഗപെൻഷൻ | 17,60,100 | 91 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,55,200 | 8 |

**1-7 ക്യാഷ് പരിശോധന**

1994 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.07.2025 – ന് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹2,630/- (രണ്ടായിരത്തി അറുനൂറ്റി മുപ്പത് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-8 ആഭ്യന്തരനിയന്ത്രണം**

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തുനികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി രജിസ്റ്റർ, ക്യാഷ് ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പദ്ധതികളുടെ അവലോകനം നടത്തുന്നില്ല. തെരുവ് വിളക്കുകളുടെ സംയുക്തപരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധനസാമഗ്രികൾ സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. വസ്തുനികുതി കുടിശിക ഇനത്തിൽ വൻതുക പിരിഞ്ഞു കിട്ടാൻ അവശേഷിക്കുന്നുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണോദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്നതായി കാണുന്നില്ല. വാർഷികപദ്ധതിയുടെ നിർവ്വഹണഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പാക്കുന്നില്ല.

പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷം ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. വർക്കിംഗ്

ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതിനിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിട്ടർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി വകയിരുത്തിയ പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുവാനും സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ് - ചെലവ് കണക്കുകൾ അംഗീകരിക്കുന്ന വേളയിൽ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുണ്ട്.

**<u>1-9 സ്വകാര്യ ഹോസ്റ്റൽ/ഹോംസ്റ്റേകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു</u>**

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന നിയമാനുസൃതമെന്ന് സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിരിക്കുന്ന താഴെ സൂചിപ്പിക്കുന്ന ഹോം സ്റ്റേകൾ/സ്വകാര്യ ഹോസ്റ്റൽ 2024 – 2025 വർഷം ലൈസൻസില്ലാതെയാണ് പ്രവർത്തിച്ചിരുന്നത്. വിശദാംശം ചുവടെചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | ഉടമയുടെ പേര് | പെർമിറ്റ് നം./ തീയതി | ഉപയോഗക്രമം |
|---|---|---|---|---|
| 1 | 5/14A, B,C,D,E,F | ശ്രീ ജിനേഷ് മാത്യു | A1-775/15 തീയതി 12.03.2015 | ഹോംസ്റ്റേ |
| 2 | 13/50 R | ശ്രീ കെ.ജി.ബാബു | രേഖപ്പെടുത്തിയിട്ടില്ല | സ്വകാര്യ ഹോസ്റ്റൽ |
| 3 | 13/50 S | ശ്രീ കെ.ജി.ബാബു | രേഖപ്പെടുത്തിയിട്ടില്ല | ഹോംസ്റ്റേ |

ടി കെട്ടിടങ്ങൾക്ക് തൻവർഷം ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലൈസൻസ് അനുവദിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള വിശദീകരണവും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.20/16.07.2025) മറുപടി ലഭ്യമാക്കിയില്ല. വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ആക്ട് സെക്ഷൻ 232(1) പ്രകാരം, സെക്രട്ടറി നൽകുന്ന ഒരു ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസൃതമായല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. അനധികൃതമായി പഞ്ചായത്ത് പരിധിയിൽ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതും ഈയിനത്തിൽ തനതു ഫണ്ടിന് ചോർച്ച സംഭവിക്കുന്നില്ലായെന്ന് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതുമാണ്.

**<u>1-10 പഞ്ചായത്ത് ലൈബ്രറിയുടെ കളക്ഷൻ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല</u>**

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ലൈബ്രറിയുടെ 17.11.2024 മുതൽ 13.07.2025 വരെയുള്ള കളക്ഷൻ തുകകളുടെയും അവ പഞ്ചായത്തിൽ ഒടുക്കു വരുത്തിയതിന്റെയും വിശദാംശങ്ങൾ, ബന്ധപ്പെട്ട രേഖകൾ, രജിസ്റ്ററുകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 16.07.2025 – ൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.21 നൽകിയെങ്കിലും ആയവ ഹാജരാക്കിയില്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ, രജിസ്റ്ററുകൾ സഹിതം അടുത്ത ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

**<u>1-11 കാലഹരണപ്പെട്ട വാഹനം കയ്യൊഴിക്കാൻ നടപടികൾ സ്വീകരിച്ചില്ല</u>**

ഉടുമ്പൻചോല ഗ്രാമപ്പഞ്ചായത്തിൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി 2009 – ൽ വാങ്ങിയ മഹീന്ദ്ര & മഹീന്ദ്ര കമ്പനിയുടെ ടിപ്പർ (നം.KL-37-6755) – ന്റെ രജിസ്ട്രേഷൻ കാലാവധി 25.05.2024 – ൽ അവസാനിച്ചിട്ടുള്ളതാണ്. വാഹനത്തിന്റെ ലോഗ് ബുക്കിൽ 25.05.2024 വരെ രേഖപ്പെടുത്തലുകൾ ഉണ്ട്. (Last Reading – 40350 Km). വാഹനം കാലഹരണപ്പെട്ടതിനാൽ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ പരിസരത്ത് ഷെഡിൽ സൂക്ഷിച്ചുവരവെ 26.09.2024 – ൽ വാഹനത്തിന്റെ ഭാഗങ്ങൾ നീക്കം ചെയ്യാൻ ശ്രമം നടന്നതിന്റെ അടയാളങ്ങൾ വാഹനത്തിൽ കാണപ്പെട്ടിട്ടുണ്ടെന്നും വാഹനത്തിന്റെ പിൻവശത്ത് ഉടുമ്പൻചോല ഗ്രാമപ്പഞ്ചായത്ത് എന്ന്

എഴുതിയിരുന്നത് നീക്കം ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ആയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ടിപ്പർ ഡ്രൈവർക്ക് കത്ത് നൽകിയിട്ടുള്ളതുമാണ് (കത്ത് നം.SC2-10/2009(1) തീയതി 26.09.2024). അന്നേ ദിവസം തന്നെ ടി വിഷയം സംബന്ധിച്ച് ഉടുമ്പൻചോല പോലീസ് സ്റ്റേഷനിൽ 15294037-2024-5-00251 – നമ്പറിൽ പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ട്. വാഹനം പ്രവർത്തനക്ഷമമല്ലാത്തതിനാൽ 16.10.2019 – ലെ സർക്കാർ ഉത്തരവ് (കൈ)നം.45/2019/പൊ.മ.വകുപ്പ് പ്രകാരമുള്ള ഉപയോഗശൂന്യമായ വാഹനങ്ങൾ കയ്യൊഴിക്കൽ - പുതുക്കിയ മാനദണ്ഡങ്ങൾക്കനുസൃതമായി സ്വീകരിച്ച നടപടികൾ, വാഹനത്തിന്റെ നിലവിലെ സ്ഥിതി തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം.19/16.07.2025) മറുപടി ലഭ്യമാക്കിയില്ല. പുതുക്കിയ മാനദണ്ഡങ്ങൾക്കനുസൃതമായി വാഹനം കയ്യൊഴിയുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-12 1964 - ലെ പട്ടയഭൂമിയിൽ സ്പെഷ്യൽ റസിഡൻസിന് നിർമ്മാണാനുമതി നൽകിയിരിക്കുന്നു.**

1994 - ലെ കേരള ഭൂപതിവ് ചട്ടങ്ങൾ അനുസരിച്ച്, ഉടുമ്പൻചോല ഗ്രാമപ്പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ചതുരംഗപ്പാറ വില്ലേജിൽ താമസേതര കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നിയന്ത്രണമുള്ളതാണ്. ഗ്രാമപ്പഞ്ചായത്തിലെ ഉടുമ്പൻചോല താലൂക്കിലെ ചതുരംഗപ്പാറ വില്ലേജിൽ ചതുരംഗപ്പാറ താവളത്തിൽ ശ്രീ ലിബിൻ കെ.പി., ശ്രീമതി സോണി പി.സി., കുഴിപ്പിള്ളിച്ചാൽ, വാടിയംപാടി, കുന്നുംപുറം എന്നിവർക്ക് സ്പെഷ്യൽ റെസിഡൻസ് എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്തി 133.83 ച.മീ. കെട്ടിടം നിർമ്മിക്കുന്നതിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട് (നം.A4-BA(325204)/2024തീ.17.10.2024). ചതുരംഗപ്പാറ വില്ലേജ് ഓഫീസറുടെ 19.08.2024 – ലെ കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരം S-4/3-1-2-1 സർവേ നമ്പരിലുള്ള ടി സ്ഥലം 1964 – ലെ പട്ടയഭൂമിയിലുൾപ്പെട്ടിട്ടുള്ളതും കൃഷി ആവശ്യത്തിനും വീട് വച്ച് താമസിക്കുന്നതിനുമുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്. ഉടുമ്പൻചോല എൽ.ഐ.ഡി. & ഇ.ഡബ്ല്യൂ. സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ 06505900124002415350 ഫയലിലെ സൈറ്റ് വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം, കെ.പി.ബി.ആർ. പ്രകാരമുള്ള സെറ്റ് ബാക്കുകൾ പാലിക്കുന്നു, FAR, കവറേജ് എന്നിവ അനുവദനീയമായ അളവിലാണെന്നും അനുബന്ധരേഖകൾ പരിശോധിച്ച് പെർമിറ്റ് അനുവദിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിനെ തുടർന്ന് പഞ്ചായത്ത് പെർമിറ്റ് ഫീസ് ഡിമാന്റ് ചെയ്ത് രസീത് നം.1240101318 പ്രകാരം ₹4,015/- 15.10.2024 – ൽ ഈടാക്കുകയും 17.10.2024 – ൽ പെർമിറ്റ് അനുവദിക്കുകയും ചെയ്തു. നിർമ്മാണനിയന്ത്രണം നിലനിൽക്കെ പെർമിറ്റ് അനുവദിച്ച നടപടിക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.13/15.07.2025) ലഭ്യമാക്കിയ മറുപടിയിൽ 1964 – ലെ പട്ടയഭൂമിയിൽ A2 വിഭാഗത്തിൽപ്പെട്ട റസിഡൻഷ്യൽ ബിൽഡിംഗിന് അനുമതി നൽകുന്നത് നിരോധിച്ചുകൊണ്ട് വ്യക്തമായ ഉത്തരവുകൾ ബഹു.സർക്കാരിൽ നിന്നോ റവന്യൂവകുപ്പിൽ നിന്നോ ലഭിച്ചിട്ടുള്ളതല്ല, ആയതിനാലാണ് A2 വിഭാഗത്തിൽപ്പെട്ട റസിഡൻഷ്യൽ ബിൽഡിംഗിന് അനുമതി നൽകിയിട്ടുള്ളത് എന്നാണ് മറുപടി നൽകിയത്. എന്നാൽ ടി മറുപടി അംഗീകരിക്കത്തക്കതല്ല. 2010 – ലെ മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണൽ ആക്ട് പ്രകാരം നിർമ്മാണനിയന്ത്രണമുള്ള 8 വില്ലേജിൽ ഉൾപ്പെട്ട ഉടുമ്പൻചോല വില്ലേജിന്റെ പരിധിയിലാണ് ടി കെട്ടിടനിർമാണം അനുവദിച്ചിട്ടുള്ളത്.ബഹു.കേരള ഹൈക്കോടതിയുടെ WP(C)നം.1801/2010 – നമ്പർ കേസിലെ 21.01.2010 – ലെ ഇടക്കാല ഉത്തരവ് അനുസരിച്ചുള്ള ഇടുക്കി ജില്ലാ കളക്ടറുടെ 09.06.2016 – ലെ സി4/25908/2015 – നമ്പർ സർക്കുലർ പ്രകാരം 8 വില്ലേജുകളിൽ നിർമാണ നിയന്ത്രണം നിലനിൽക്കുന്നതാകയാൽ നിയമവിരുദ്ധമായ കെട്ടിടനിർമ്മാണപെർമിറ്റ് അനുവദിച്ച നടപടി പുനഃപരിശോധിക്കേണ്ടതാണ്.



**1-13 വനിതകൾക്ക് വ്യക്തിഗതസ്വയംതൊഴിൽ സംരംഭം - രേഖകൾ ഹാജരാക്കിയില്ല - ₹90,000/- തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പദ്ധതി നമ്പർ/പദ്ധതിയുടെ പേര് | 187/2024-2025, വ്യക്തിഗത സ്വയംതൊഴിൽ സംരംഭം – വനിത |
| അടങ്കൽ തുക (₹) | 90,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നിർവഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| വൗച്ചർ നമ്പർ/തീയതി/തുക (₹) | XVFC/2024-25/P/31/13.09.2024/90,000/- |

വനിതകൾക്ക് സ്വയംതൊഴിൽ തുടങ്ങുന്നതിന്റ ഭാഗമായി വ്യക്തിഗത സംരംഭം എന്ന നിലയിൽ സബ്സിഡി നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ശ്രീമതി ഗീതാ ജയപാലൻ എന്നയാൾക്ക് ₹90,000/- സബ്സിഡിയായി നൽകിയിട്ടുണ്ട്. 28.05.2022 – ലെ സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ. – നം. സബ്സിഡി മാർഗരേഖ പ്രകാരം, ജനറൽ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിനായി മൂലധനത്തിന്റെ 75% പരമാവധി ₹90,000/- നൽകാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതി പ്രകാരം ശ്രീമതി ഗീതാ ജയപാലൻ സ്വയംതൊഴിൽ തുടങ്ങുന്നതിന്റ ഭാഗമായി വാങ്ങിയ സാധനങ്ങൾ/ആസ്തികൾ എന്നിവയുടെ ബില്ലുകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.28/തീ.17.07.2025) മറുപടി ലഭ്യമാക്കിയില്ല. ആവശ്യമായ രേഖകൾ ഹാജരാക്കുന്നതുവരെ ₹90,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-14 ലൈഫ് ഭവനപദ്ധതി - ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിൽ കാലതാമസം**

ലൈഫ് ഭവനപദ്ധതി പ്രകാരം ധനസഹായമായി വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും 24 ഗുണഭോക്താക്കൾ നാളിതുവരെയും ഭവനനിർമ്മാണം പൂർത്തിയാക്കിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വീട് പണി പൂർത്തീകരിക്കാനുള്ളവരുടെ എണ്ണം |
|---|---|
| 2023-2024 | 24 |

പ്രസ്തുത വ്യക്തികളുടെ ഭവനനിർമാണത്തിലെ പുരോഗതി ഭരണസമിതിതലത്തിൽ വിലയിരുത്തി അത് പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.30/17.07.2025) - ന് മറുപടി ലഭ്യമാക്കിയില്ല. ഭവനനിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഗുണഭോക്താക്കൾ കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കി സർക്കാർ ഫണ്ടിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

**1-15 അങ്കണവാടി ഭക്ഷ്യസാമഗ്രികൾ - ന്യൂട്രിമിക്സ് വിതരണം - ജി.എസ്.ടി. ഇനത്തിൽ അധികം തുക നൽകി**

| | | |
|---|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 29/2025, പൂരകപോഷകാഹാര പദ്ധതി | |
| അടങ്കൽ (₹) | 26,50,000/- | 16,50,000/- (പൊതുവിഭാഗം) |
| | | 10,00,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | |

25.05.2018 – ലെ സ.ഉ.(സാധാ)നം.450/2018/ത.സ്വ.ഭ.വ. - പ്രകാരം അമൃതം ന്യൂട്രിമിക്സിന് 5% ജി.എസ്.ടി. ഉൾപ്പെടെ കിലോഗ്രാമിന് ₹73.50 നിരക്കിൽ വില നിശ്ചയിച്ചിട്ടുണ്ടെങ്കിലും കേന്ദ്ര സർക്കാരിൽ നിന്നും ഒരു സ്പഷ്ടീകരണം ഉണ്ടാകുന്നത് വരെ ഉത്തരവ് പാലിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. അങ്കണവാടികൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾക്കുള്ള ഭക്ഷണവിതരണ സേവനങ്ങളെ ജി.എസ്.ടി. – യിൽ നിന്നും ഒഴിവാക്കിയതായി കേന്ദ്രസർക്കാരിന്റെ ജി.എസ്.ടി. വകുപ്പിന്റെ 17.08.2021 - ലെ 149/05/2021 -നമ്പർ സർക്കുലർ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തൻവർഷം മഞ്ഞപ്പാറ പവിത്രം ന്യൂട്രിമിക്സ്, എന്ന സ്ഥാപനത്തിന് പൂരകപോഷകാഹാര പദ്ധതി (എസ് 29/2025) പദ്ധതി പ്രകാരം THRS വിതരണം ചെയ്ത ഇനത്തിൽ 5 ശതമാനം

ജി.എസ്.ടി. ഉൾപ്പെടെ കിലോഗ്രാമിന് ₹73.50 എന്ന നിരക്കിൽ താഴെ പറയും പ്രകാരം 10360 കിലോഗ്രാമിന് ആകെ ₹7,61,460/- നൽകിയിരിക്കുന്നു.

| ബിൽ നമ്പർ/ തീയതി/തുക (₹) | മഞ്ഞപ്പാറ പവിത്രം ന്യൂട്രിമിക്സിന്റെ ബിൽ നം./ തീയതി | ന്യൂട്രിമിക്സ് തൂക്കം (കി.ഗ്രാം.) | നൽകിയ തുക (₹) (@73.50) | നൽകേണ്ട തുക (₹) (@70.00) | അധികം നൽകിയ തുക (₹) |
|---|---|---|---|---|---|
| 24100452010400499071/ 05.08.2024/6,13,644/- | 57/23.04.2024 | 1,032.50 | 75,888.75 | 72,275.00 | 3,613.75 |
| | 63/17.05.2024 | 897.00 | 65,929.50 | 62,790.00 | 3,139.50 |
| | 65/10.06.2024 | 952.00 | 69,972.00 | 66,640.00 | 3,332.00 |
| 24100452010400691338/ 23.09.2024/3,29,066/- | 71/29.07.2024 | 783.00 | 57,550.50 | 54,810.00 | 2,740.50 |
| | 75/29.08.2024 | 945.00 | 69,457.50 | 66,150.00 | 3,307.50 |
| 24100452010400821811/ 25.10.2024/1,42,823/- | 79/26.09.2024 | 819.00 | 60,196.50 | 57,330.00 | 2,866.50 |
| | 85/17.10.2024 | 1,015.00 | 74,602.50 | 71,050.00 | 3,552.50 |
| 24100452010401104306/ 28.12.2024/5,03,786/- | 95/26.11.2024 | 774.00 | 56,889.00 | 54,180.00 | 2,709.00 |
| | 96/19.12.2024 | 889.00 | 65,341.50 | 62,230.00 | 3,111.50 |
| Cheque No.016513 13.03.2025/4,55,533/- | 104/27.01.2025 | 699.00 | 51,376.50 | 48,930.00 | 2,446.50 |
| | 109/19.02.2025 | 843.50 | 61,997.25 | 59,045.00 | 2,952.25 |
| Cheque No.016516 26.03.2025/61,264/- | 114/24.03.2025 | 711.00 | 52,258.50 | 49,770.00 | 2,488.50 |
| ആകെ | | 10,360.00 | 7,61,460.00 | 7,25,200.00 | 36,260.00 |

അങ്കണവാടി ഭക്ഷ്യസാമഗ്രികൾക്ക് 5 ശതമാനം ജി.എസ്.ടി. ഉൾപ്പെടെ കിലോഗ്രാമിന് ₹70/- എന്ന നിരക്കേ അനുവദിക്കാൻ പാടുള്ളു എന്ന വ്യവസ്ഥയിരിക്കെ, കിലോഗ്രാമിന് ₹70.30/- നൽകിയതുവഴി ₹36,260/- – യുടെ അധികചെലവ് ചെയ്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നം.(16/തീ.15.07.2025) മറുപടി ലഭ്യമാക്കിയില്ല. സ്ഥാപനത്തിന് അധികം നൽകിയ ₹ 36,260/- സർക്കാരിലേയ്ക്ക് തിരികെ അടവാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-16 ഫാമിലി ഹെൽത്ത് സെന്ററിന് മരുന്ന് വാങ്ങൽ - അപാകങ്ങൾ**

| പദ്ധതി നം./പദ്ധതിയുടെ പേര് | S0017/2024-25, ഫാമിലി ഹെൽത്ത് സെന്ററിന് മരുന്ന് വാങ്ങൽ |
|---|---|
| അടങ്കൽ തുക (₹) | 10,00,000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

| ക്രമ നം. | ബിൽ നം. | തീയതി | തുക (₹) |
|---|---|---|---|
| 1 | 24100452010600372557 | 10.07.2024 | 47,544/- |
| 2 | 24100452010600613561 | 19.09.2024 | 1,81,970/- |
| 3 | 24100452010600784031 | 21.10.2024 | 76,850/- |
| 4 | 24100452010600961480 | 29.11.2024 | 70,660/- |
| 5 | 24100452010601178309 | 22.01.2025 | 1,51,364/- |
| 6 | 24100452010601266854 | 07.02.2025 | 57,526/- |
| 7 | 24100452010601374993 | 28.02.2025 | 35,540/- |
| 8 | 24100452010601374997 | 28.02.2025 | 32,193/- |
| 9 | 24100452010601443677 | 12.03.2025 | 3,34,610/- |
| 10 | 24100452010601617249 | 24.03.2025 | 11,743/- |

സൂചിത പദ്ധതി പ്രകാരം ഉടുമ്പൻചോല ഫാമിലി ഹെൽത്ത് സെന്ററിലേയ്ക്ക് മരുന്നുകൾ വാങ്ങുന്നതിന് ₹10,00,000/- വകയിരുത്തിയിരുന്നു. മരുന്നുകൾ ഫാർമസിസ്റ്റ് നല്കുന്ന കുറിപ്പിന്റെ അടിസ്ഥാനത്തിൽ ചെറിയ തുകകൾ ചെലവഴിച്ച് ടെണ്ടർ മുഖേനയും അല്ലാതെയും പല തവണകളായി വിവിധ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങിയിരിക്കുന്നു. ടെണ്ടർ/ഇ-ടെണ്ടർ സംവിധാനം ഉപയോഗപ്പെടുത്തി മുൻവർഷങ്ങളിലെ

വിതരണത്തിന്റെയും ആവശ്യത്തിന്റെയും അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് ആവശ്യമുള്ള മരുന്നുകളുടെ അളവും ഇനവും കണക്കാക്കി, മരുന്നുകൾ സർക്കാർ നിശ്ചയിച്ച സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കാതിരുന്നതിനുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം.17/16.07.2025) മറുപടിയിൽ, കെ.എം.എസ്.സി.എൽ. – ന് ഒരു വർഷത്തേയ്ക്കുള്ള ഇൻഡന്റ് നല്കുന്നുണ്ടെങ്കിലും യഥാസമയം ടി സ്ഥാപനം മരുന്നുകൾ ലഭ്യമാക്കാത്തത് മൂലമാണ് ഈ രീതിയിൽ വാങ്ങേണ്ടിവന്നത് എന്ന് അറിയിച്ചു. കെ.എം.എസ്.സി.എൽ. – ൽ മരുന്നുകൾ ലഭ്യമല്ലായെങ്കിൽ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും മരുന്നുകൾ ലഭ്യമാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

**1-17 മൊബൈൽ മോർച്ചറി വാങ്ങൽ - അപാകങ്ങൾ - ₹1,00,000/- - തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 274/25, മൊബൈൽ മോർച്ചറി സ്ഥാപിക്കൽ |
| അടങ്കൽ (₹) | ₹1,00,000/-<br>(വികസന ഫണ്ട് – ജനറൽ) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നം./തീയതി/തുക(₹) | 24100452013101699230/25.03.2025/1,00,000/- |

ഗ്രാമപ്പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യത്തിലേക്കായി മൊബൈൽ മോർച്ചറി വാങ്ങിയ വകയിൽ മേൽ ബിൽ പ്രകാരം ₹1,00,000/- ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്തിന്റെ ചുമതലകൾ സംബന്ധിച്ച് വിശദീകരിക്കുന്ന 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടികയിലെ അനിവാര്യ ചുമതലകൾ, പൊതുവായ ചുമതലകൾ, മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ എന്നിവയിൽ ഒന്നും തന്നെ ഉൾപ്പെടാത്ത പദ്ധതിയാണ് ഏറ്റെടുത്തിട്ടുള്ളത്. കൂടാതെ മൊബൈൽ മോർച്ചറിയുടെ സേവനം എപ്രകാരം നടപ്പാക്കും എന്നത് സംബന്ധിച്ച് യാതൊരു നിർദ്ദേശവും തീരുമാനവും എടുത്തിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 15.07.2025 – ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 14 – ന് ലഭ്യമാക്കിയ മറുപടിയിൽ, പിന്നാക്കാവസ്ഥയിലുള്ള പഞ്ചായത്തിലെ ജനങ്ങൾക്ക് മൊബൈൽ മോർച്ചറി, ആംബുലൻസ് തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമല്ലെന്നും രാജാക്കാട്, രാജകുമാരി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുമാണ് ഇത്തരം സൌകര്യങ്ങൾ ലഭ്യമാക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. എം.എൽ.എ. യുടെ ആസ്തി വികസനഫണ്ടിൽ നിന്നും ആംബുലൻസ് വാങ്ങുന്നതിന് തുക അനുവദിച്ചിട്ടുണ്ടെന്നും മൊബൈൽ മോർച്ചറിയുടെ പ്രവർത്തനം കുടുംബശ്രീയെ ഏൽപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നു. എന്നാൽ നിലവിൽ മൊബൈൽ മോർച്ചറിയുടെ സേവനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ലാത്തതിനാലും ആയത് പഞ്ചായത്ത് ഓഫീസിൽ പ്രയോജനരഹിതമായി സൂക്ഷിച്ചിരിക്കുന്നതിനാലും ഇതിനായി ചെലവാക്കിയ തുക ₹1,00,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മൊബൈൽ മോർച്ചറി പ്രയോജനപ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-18 മരുന്ന് വാങ്ങൽ - സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തുന്നില്ല**

| | | | |
|---|---|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | S0017/2024-25,<br>ഫാമിലി ഹെൽത്ത് സെന്ററിന് മരുന്ന് വാങ്ങൽ | | |
| അടങ്കൽ തുക (₹) | 10,00,000/-<br>(മെയിന്റനൻസ് ഫണ്ട് - റോഡിതരം) | | |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | | |
| ക്രമ നം. | ബിൽ നം. | തീയതി | തുക (₹) |
| 1 | 24100452010600372557 | 10.07.2024 | 47,544/- |
| 2 | 24100452010600613561 | 19.09.2024 | 1,81,970/- |
| 3 | 24100452010600784031 | 21.10.2024 | 76,850/- |
| 4 | 24100452010600961480 | 29.11.2024 | 70,660/- |
| 5 | 24100452010601178309 | 22.01.2025 | 1,51,364/- |
| 6 | 24100452010601266854 | 07.02.2025 | 57,526/- |
| 7 | 24100452010601374993 | 28.02.2025 | 35,540/- |
| 8 | 24100452010601374997 | 28.02.2025 | 32,193/- |
| 9 | 24100452010601443677 | 12.03.2025 | 3,34,610/- |
| 10 | 24100452010601617249 | 24.03.2025 | 11,743/- |

മേൽ സൂചിത പദ്ധതി പ്രകാരം വാങ്ങിയ മരുന്നുകളിൽ ചുവടെ ചേർക്കുന്ന ബിൽ പ്രകാരമുള്ള വാങ്ങലുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നം./ബിൽ നം./തീയതി | തുക(₹) |
|---|---|---|
| 1 | 15/2024-25/EL1057/19.09.2024 | 6,626/- |

| | | |
|---|---|---|
| 2 | 16/2024-25/EL1315/24.10.2024 | 8,421/- |

മേൽ സൂചിത അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്, (നം.17/16.07.2025) മേൽ സൂചിത ബിൽ പ്രകാരമുള്ള വാങ്ങലുകൾ സംബന്ധിച്ച വിവരം എച്ച്.എം.സി. സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട് എന്ന മറുപടി അംഗീകരിക്കാൻ കഴിയില്ല. എച്ച്.എം.സി. ഫണ്ട് ഉപയോഗിച്ചുള്ള വാങ്ങലുകൾ എച്ച്.എം.സി. സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതും പദ്ധതി പ്രകാരമുള്ള വാങ്ങലുകൾ മരുന്നുകളുടെ ലോക്കൽ പർച്ചേസ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി വിതരണം ചെയ്യേണ്ടതുമാണ്. ആയതിനാൽ മേൽ സൂചിത ബിൽ പ്രകാരമുള്ള വാങ്ങലുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.

**1-19 ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ പദ്ധതി നടത്തിപ്പിൽ അവ്യക്തത -₹14,890/- തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 221/25, എ.ബി.സി.ഡി. പദ്ധതി |
| അടങ്കൽ (₹) | 2,00,000/- (വികസന ഫണ്ട് - ജനറൽ) |
| നിർവ്വഹണം | സെക്രട്ടറി |
| ബിൽ നം./തീയതി/തുക (₹) | 24100452013101328366/13.02.2025/14,890/- |

പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട ജനവിഭാഗത്തിന് അത്യാവശ്യ സർക്കാർ രേഖകൾ ലഭ്യമാക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ള അക്ഷയ ബിഗ് കാമ്പയിൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ(ABCD) എന്ന മേൽ പദ്ധതി പ്രകാരം നെറ്റ് വർക്ക് കണക്ഷന് വാടക ഇനത്തിൽ മേൽ ബിൽ പ്രകാരം ₹14,890/- ചെലവിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പാക്കിയത് സംബന്ധിച്ച് യാതൊരു വിശദാംശങ്ങളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതി പ്രകാരം ഏതൊക്കെ സേവനങ്ങൾ എത്ര പേർക്ക് ലഭ്യമാക്കിയെന്നോ ആരുടെ മേൽനോട്ടത്തിൽ പദ്ധതി നടപ്പാക്കിയെന്നോ തുടങ്ങിയ വിശദാംശങ്ങൾ ഒന്നുംതന്നെ ഇല്ല. പദ്ധതിയിലൂടെ നടപ്പാക്കിയ പ്രവൃത്തിയെ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 15.07.2025 – ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 15 – ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ പദ്ധതിക്കായി ചെലവഴിച്ച തുക ₹14,890/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി നടത്തിപ്പിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിച്ച് ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-20 പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - ചെലവ് രേഖകൾ ഹാജരാക്കിയില്ല - ₹ 3,30,000/- തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 142/25, (എസ്.ഒ.)<br>പട്ടികവർഗ്ഗകുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ തുക (₹) | 3,30,000/- (വികസനഫണ്ട് – ടി.എസ്.പി. |
| ബിൽ നമ്പർ/തീയതി/തുക(₹) | 1/24-25/30.06.2024/1,93,500/-<br>3/24-25/24.07.2024/1,36,500/- |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് എന്ന പദ്ധതിയ്ക്കായി ₹,330,000/-ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ഫയലുകളും ബന്ധപ്പെട്ട രേഖകളും പരിശോധനയ്ക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.9/15.07.2025) നൽകിയതിന് ഏതാനും അപേക്ഷകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ബില്ല് പ്രകാരമുള്ള തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ, ഗുണഭോക്തൃലിസ്റ്റ് തുടങ്ങിയവ ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ഈ പദ്ധതിക്ക് ചെലവഴിച്ച ₹ 3,30,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-21 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 3/25, ഹോമിയോ ആശുപത്രിക്ക്<br>മരുന്ന് വാങ്ങൽ |
| അടങ്കൽ (₹) | 2,00,000/- (മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നം./തീയതി/തുക (₹) | 24100452013100734881/03.10.2024/2,00,000/- |

മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങലിനായി ആകെ ₹2,00,000/- ഹോംകോയിൽ ഒടുക്കിയിരുന്നെങ്കിലും ₹97,576/- യുടെ മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയത്. ₹1,02,424/- – യുടെ മരുന്നുകൾ നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല. ₹1,02,424/- – യുടെ മരുന്ന് അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് അവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം അറിയിക്കേണ്ടതുമാണ്. മരുന്ന് വാങ്ങൽ പദ്ധതികൾ സമയബന്ധിതമായി ഏറ്റെടുക്കുന്നതിനും സാമ്പത്തികവർഷാവസാനം വരെ കാത്തിരിക്കാതെ മുൻകൂട്ടി തുക ഒടുക്കി മരുന്ന് ലഭ്യത ഉറപ്പാക്കേണ്ടതുമാണ്.

**1-22 പട്ടികജാതിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചില്ല - ₹3,30,000/- - ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 126/25, പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ (₹) | 10,00,000/- (എസ്.സി.പി.) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവഴിച്ച തുക (₹) | 3,30,000/- |
| ബി.ആർ.എൻ. നം./തീയതി | തുക (₹) |
| 24100452013201443558/06.03.2025 | 90,000/- |
| 24100452013201622018/21.03.2025 | 60,000/- |
| 24100452013201700904/25.03.2025 | 1,80,000/- |
| ആകെ | 3,30,000/- |

പട്ടികജാതിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം എന്ന ഈ പദ്ധതിയിൽ ചുവടെ കൊടുത്തിരിക്കുന്ന 3 വിദ്യാർത്ഥികൾക്ക് ധനസഹായം നൽകിയിട്ടുണ്ടെങ്കിലും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേര് | ധനസഹായ തുക | കൈപ്പറ്റിയ തുക (₹) |
|---|---|---|---|
| 1 | ശ്രീ സൂരജ് രാജേഷ് | 2,00,000/- | 90,000/- |
| 2 | ശ്രീമതി രമ്യ എം | 2,00,000/- | 90,000/- |
| 3 | ശ്രീമതി ദിയ സിജോയി | 2,00,000/- | 1,50,000/- |
| ആകെ | | | 3,30,000/ |

പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ പ്രസ്തുത പദ്ധതിക്ക് ചെലവഴിച്ച ₹3,30,000/-- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-23 ഇലക്ഷൻ ഡെപ്പോസിറ്റ് - പഞ്ചായത്തു ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല**

1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 144(4) അനുസരിച്ച്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്തു ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്. വാർഷികധനകാര്യപത്രിക പ്രകാരം ഇലക്ഷൻ നിക്ഷേപമിനത്തിൽ ₹54,500/- അവശേഷിക്കുന്നുണ്ട്. ഇതിനോടകം കാലഹരണപ്പെട്ട നിക്ഷേപത്തുക പഞ്ചായത്തു ഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-24 മാലിന്യസംസ്ക്കരണപ്ലാന്റ് നിർമ്മാണം - അതിർത്തി നിശ്ചയിച്ചതിലെ അപാകങ്ങൾ - പ്രവർത്തനം നിലച്ചു**

മാലിന്യസംസ്ക്കരണപ്ലാന്റ് സ്ഥാപിക്കൽ – എം.സി.എഫ്. ചതുരംഗപ്പാറ പദ്ധതി നടത്തിപ്പിൽ ക്രമപ്രകാരമല്ലാതെ തുക ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ഭാഗം – 3, ഖണ്ഡിക നം.3-1 കാണുക.

**1-25 പകൽവീട് നിർമ്മാണം - പ്രായോഗികത ഉറപ്പാക്കിയില്ല**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 180/25, പകൽവീട് നിർമ്മാണം |
| അടങ്കൽ തുക (₹) | 13,64,082/- (വികസനഫണ്ട്-എസ്.സി.പി.) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ബിൽ നം./തീയതി/തുക (₹) | 425440/472/21.02.2025, 237693/580/25.03.2025/6,63,133/- |
| കരാറുകാരൻ | ശ്രീ മനേഷ് ജേക്കബ് |
| കരാർ നം./തീയതി | 36/AE/LSGD/UGP/22-23/ 30.01.2023 |
| അളവ് പുസ്തകം | E-Book |
| | |

ഗ്രാമപ്പഞ്ചായത്തിന്റെ 2024-2025 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ മേൽ പദ്ധതിയിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി സൈറ്റിൽ 15.07.2025 – ൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടം നിർമ്മിച്ചിരിക്കുന്നത് ചെങ്കുത്തായതും പാറ പൊട്ടിച്ചെടുത്തതുമായ സ്ഥലത്താണ്. ടി സ്ഥലത്തേക്ക് വഴി സൗകര്യം ലഭ്യമാക്കിയിട്ടില്ല.

2. കെട്ടിടം സ്ഥിതി ചെയ്യുന്നത് പാറ പുറമ്പോക്ക് സ്ഥലമായതിനാൽ ടോയ്ലറ്റ്, സെപ്റ്റിക്ക് ടാങ്ക് സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്താൻ സാധ്യമല്ല. നിലവിൽ വൈദ്യുതി, വെള്ളം കണക്ഷനുകൾ ലഭ്യമാക്കിയിട്ടില്ല.

3. മുതിർന്ന പൗരന്മാർക്ക് മാനസികോല്ലാസത്തിനും സൗഹൃദം പങ്കുവയ്ക്കുന്നതിനും ഒറ്റപ്പെടലിൽ നിന്നും ആശ്വാസം ലഭിക്കുന്നതിനും വേണ്ടിയാണ് പകൽവീട് എന്ന പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. നിലവിൽ ഒരു കെട്ടിടം നിർമ്മിച്ചു എന്നതിലുപരി മുതിർന്ന പൗരന്മാർക്ക് പ്രയോജനം ചെയ്യുന്ന തരത്തിലുള്ള പദ്ധതിയല്ല നടപ്പിലാക്കിയതെന്നു വ്യക്തമാണ്. ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ പ്രായോഗികത ഉറപ്പാക്കിയതിനു ശേഷം മാത്രം പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കേണ്ടതാണ്. മേൽ അപാകങ്ങൾ സൂചിപ്പിച്ചുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.25/16.07.2025 നൽകിയെങ്കിലും മറുപടി നൽകിയില്ല. ഇക്കാര്യത്തിൽ ഭരണസമിതി തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**<u>1-26 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല</u>**

2003 – ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം, പ്രകൃതിക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ, പേമാരി, വെള്ളപ്പൊക്കം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം എന്നിവ മൂലം ദുരിതമനുഭവിക്കുന്ന പഞ്ചായത്ത് നിവാസികളുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നല്കുന്നതിനുദ്ദേശിച്ച് വേറിട്ട് രൂപീകരിക്കുന്ന ഒരു അക്കൗണ്ടാണ് ദുരിതാശ്വാസനിധി. എന്നാൽ നാളിതുവരെയും ഗ്രാമപ്പഞ്ചായത്തിൽ ദുരിതാശ്വസനിധി രൂപീകരിച്ചിട്ടില്ല. പ്രസ്തുത ഉദ്ദേശ്യം മുൻ നിർത്തി ചട്ടം 3(2) പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് അക്കൗണ്ട് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**<u>1-27 ജൽജീവൻ മിഷൻ പദ്ധതി - അവലോകനം</u>**

100 ശതമാനം ഗ്രാമീണഭവനങ്ങൾക്കും ഗാർഹികകുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ തദ്ദേശഭരണസ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുക മാത്രമല്ല ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ട ഗുണമേന്മയോടെ മുടങ്ങാതെ നൽകുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ജൽജീവൻ മിഷൻ കേരളത്തിൽ നടപ്പിലാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്തഭരണാനുമതിയും നിർവ്വഹണ സംവിധാനവും അംഗീകരിച്ചുകൊണ്ടും 2020-2021 സാമ്പത്തികവർഷത്തേക്ക് 880 കോടിയുടെ പദ്ധതി അടങ്കലിന് അംഗീകാരം നൽകികൊണ്ടും 08.06.2020 – ൽ സ.ഉ.(കൈ)നം.37/2020/ജ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു.

കേരളത്തിലെ ഗ്രാമപ്പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024 – നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യകേന്ദ്രങ്ങൾ, പൊതുകെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ദൌത്യങ്ങൾ. കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാനവിഹിതം 50:50 എന്ന അനുപാതത്തിലാണ്.

ഉടുമ്പൻചോല ഗ്രാമപ്പഞ്ചായത്തിലെ 2020-2021 വർഷം മുതലുള്ള വിവരങ്ങൾ പരിശോധിച്ചതിൽ ജലജീവൻ പദ്ധതിവിഹിതമായി ഗ്രാമപ്പഞ്ചായത്തിന്റെ ആക്ഷൻ പ്ലാൻ പ്രകാരം അടവാക്കേണ്ട 15% സ്ഥാപനവിഹിതവും 10% ഗുണഭോക്തൃവിഹിതവും ഗ്രാമപ്പഞ്ചായത്ത് 2020-2021 മുതൽ തൻവർഷം വരെ അടവാക്കിയിട്ടില്ല. പദ്ധതിയ്ക്കായി നാളിതുവരെ തുകയൊന്നും വകയിരുത്തിയിട്ടില്ലായെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6/14.07.2025) – ന് മറുപടി നൽകി.

**<u>1-28 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും - അവലോകനം</u>**

**<u>ആമുഖം</u>**

പ്രാഥമികാരോഗ്യപരിരക്ഷാസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പതിനഞ്ചാം ധനകാര്യകമ്മീഷൻ 2021-2022 മുതൽ 2025-2026 വരെ ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ധനകാര്യകമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. സ്കീമുകൾ താഴെ നൽകുന്നു.

<u>സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം</u>

കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യഉപകേന്ദ്രങ്ങൾക്ക് ഗ്രാമപ്പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകുന്നു. കേന്ദ്രആരോഗ്യകുടുംബക്ഷേമ മന്ത്രാലയം 31.08.2021 – ന് പുറപ്പെടുവിച്ച സാങ്കേതികമാർഗ്ഗരേഖയുടെ അനുബന്ധം – 3.3 പ്രകാരമുള്ള ലേ-ഔട്ട് പ്ലാൻ കെട്ടിടനിർമ്മാണ മാതൃക പ്രകാരമാണ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്.

<u>സ്കീം-2 ബ്ലോക്ക് പൊതുജനാരോഗ്യകേന്ദ്രങ്ങൾക്ക് സഹായം</u>

ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രങ്ങൾക്ക് വിവിധ പ്രവർത്തനങ്ങൾക്ക് സഹായം നൽകൽ

<u>സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ</u>

പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം. ഉപകേന്ദ്രങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ, കുടുംബാരോഗ്യകേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യപരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യസ്ഥാപനങ്ങളിലും രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നീ രണ്ട് ഘടകങ്ങളിലായി പ്രവർത്തനം നടത്തുന്നു.

<u>സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് അൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.</u>

ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യവർദ്ധകസേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കൽ, രോഗപ്രതിരോധപ്രവർത്തനങ്ങൾ, അസുഖങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ദീർഘകാലരോഗികൾക്ക് മാനസിക – സാമൂഹ്യ പിന്തുണ നൽകൽ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

<u>സ്കീം-5 നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ.</u>

ഉപകരണങ്ങൾ വാങ്ങുന്നതിനും കേരളാ മെഡിക്കൽ കോർപ്പറേഷനും പരിശീലനവും ഉൾപ്പെടുന്നു.

<u>സ്കീം - 6 അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ.</u>

അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ, അർബൻ പോളിക്ലിനിക്കുകൾ സ്ഥാപിക്കൽ എന്നീ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.

<u>ഫണ്ട് വിശകലനം</u>

ഉടുമ്പൻചോല ഗ്രാമപ്പഞ്ചായത്തിൽ 2021-2022 മുതൽ 2024-2025 വരെ ലഭ്യമായ വിവിധയിനം ഹെൽത്ത് ഗ്രാന്റുകളുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| | ഡയഗ്നോസ്റ്റിക് ഇൻഫ്രാ സ്ട്രക്ചർ | | | ഹെൽത്ത് & വെൽനസ്സ് സെന്റർ | | |
|---|---|---|---|---|---|---|
| വർഷം | ഗ്രാന്റ് (₹) | പലിശ (₹) | ആകെ (₹) | ഗ്രാന്റ് (₹) | പലിശ (₹) | ആകെ (₹) |
| 2021-2022 | 0 | 0 | 0 | 0 | 0 | 0 |
| 2022-2023 | 2,64,733/- | - | 2,64,733 | 135000/- | - | 13,50,000/- |
| 2023-2024 | 2,00,000/- | - | 2,00,000 | 7,81,000/- | - | 78,10,007/- |
| 2024-2025 | 2,84,000/- | - | 2,84,000 | 4,78,000/- | - | 47,80,005/- |
| നീക്കിയിരിപ്പ് തുക (₹) (31.03.2025) | | | 2,84,000/- | | | 4,78,049/- |

<u>ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് വിഭാവനം ചെയ്ത പദ്ധതികൾ</u>

| വർഷം | പദ്ധതിയുടെ പേര് | അടങ്കൽ തുക (₹) | ചെലവ് തുക (₹) |
|---|---|---|---|
| 2021-2022 | ഇല്ല | ഇല്ല | ഇല്ല |
| 2022-2023 | ഉടുമ്പൻചോല കുടുംബാരോഗ്യകേന്ദ്രത്തിൽ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ | 2,64,733/- | 2,28,254/- |

| | | | |
|---|---|---|---|
| | കുടുംബാരോഗ്യകേന്ദ്രത്തിൽ ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ | 1,35,000/- | 1,34,951/- |
| 2023-2024 | കുടുംബാരോഗ്യകേന്ദ്രത്തിൽ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ | 2,00,000/- | 2,00,000/- |
| | ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ | 7,81,000/- | 2,51,129/- |
| 2024-2025 | ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ | 3,20,479/- | 36,479/- |
| | ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ | 10,07,920/- | 5,29,871/- |

ഹെൽത്ത് ഗ്രാന്റ് വിനിയോഗം

1 സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം

ഈയിനത്തിൽ ഗ്രാമപ്പഞ്ചായത്തിന് ഗ്രാന്റ് അനുവദിച്ചിട്ടില്ല.

2 സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ

വിഭാവനം നടത്തിയ പദ്ധതികൾ

| വർഷം | പദ്ധതി | അടങ്കൽ തുക (₹) | ചെലവ് തുക (₹) |
|---|---|---|---|
| 2022-2023 | കുടുംബാരോഗ്യകേന്ദ്രത്തിൽ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ | 2,64,733/- | 2,28,254/- |
| 2023-2024 | കുടുംബാരോഗ്യകേന്ദ്രത്തിൽ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ | 2,00,000/- | 2,00,000/- |
| 2024-2025 | കുടുംബാരോഗ്യകേന്ദ്രത്തിൽ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ | 2,84,000/- | 36,479/- |

നടപ്പിലാക്കിയ പദ്ധതികൾ

2024-2025 വർഷം കുടുംബാരോഗ്യകേന്ദ്രത്തിൽ ലാബ് റീയേജന്റ് ആന്റ് ടെസ്റ്റ് കിറ്റ് പദ്ധതി വിഭാവനം നടത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു

| പദ്ധതി | ക്രമ നം. | ഉപകരണം | വാങ്ങിയ സ്ഥാപനം | ബിൽ നം & തീയതി | തുക(₹) |
|---|---|---|---|---|---|
| കുടുംബാരോഗ്യകേന്ദ്രത്തിൽ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ | 1 | ലാബ് റീയേജന്റ് ആന്റ് ടെസ്റ്റ് കിറ്റ് | വിവരം ലഭ്യമാക്കിയില്ല | വിവരം ലഭ്യമാക്കിയില്ല | 36,479/- |

സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് അൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

**വിഭാവനം ചെയ്ത പദ്ധതികൾ**

| വർഷം | പദ്ധതി | അടങ്കൽ തുക (₹) | ചെലവ് തുക (₹) |
|---|---|---|---|
| 2021-2022 | ഇല്ല | ഇല്ല | ഇല്ല |
| 2022-2023 | കുടുംബാരോഗ്യകേന്ദ്രത്തിൽ ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ | 1,35,000/- | 1,34,951/- |
| 2023-2024 | ഹെൽത്ത് &വെൽനസ്സ് പ്രവർത്തനങ്ങൾ | 7,81,000/- | 2,51,129/- |
| 2024-2025 | ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ | 10,07,920/- | 52,98,771/- |

2024-2025 വർഷം ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ വിഭാവനം ചെയ്തു നടപ്പിലാക്കിയ പദ്ധതികൾ.

| പദ്ധതിയുടെ പേര് | ക്രമ നം | ഉപകരണം/ മരുന്ന് | വാങ്ങിയ സ്ഥാപനം | ബിൽ നം. & തീയതി | തുക (₹) |
|---|---|---|---|---|---|
| കുടുംബാരോഗ്യകേന്ദ്രത്തിൽ ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ | 1 | വിവിധ ചെറിയ ഉപകരണങ്ങൾ | നീതി മെഡിക്കൽസ് | 33/08.07.2024 | 2,880/- |
| | 2 | ഫോഗ്ഗിംഗ് മെഷിൻ | വിവരം ലഭ്യമാക്കിയിട്ടില്ല | 30.06.2024 | 19,000/- |
| | 3 | ബ്രാന്റിംഗ് ഓഫ് എച്ച്ഡബ്ലിയുസിസ് | വിവരം ലഭ്യമാക്കിയിട്ടില്ല | 18.09.2024 | 60,000/- |

| | | | | | |
|---|---|---|---|---|---|
| | 4 | ഓഫീസ് സ്റ്റേഷനറി | വിവരം ലഭ്യമാക്കിയിട്ടില്ല | 451/1212.24 | 1,000/- |
| ആകെ | | | | | 82,880/- |
| സബ് സെന്റർ ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ | 1 | സർജിക്കൽ ഉപകരണങ്ങൾ | മേത്താ മെഡിക്കൽസ് | 2457/20.12.2024 | 4,690/- |
| | 2 | വിവിധ ചെറിയ ഉപകരണങ്ങൾ | നീതി മെഡിക്കൽസ് | 14126/20.12.2024 | 7,675/- |
| | 3 | ഗ്ലൂക്കോ മീറ്റർ സ്ട്രിപ്പ് | മേത്താ മെഡിക്കൽസ് | 701311/12.12.2024 | 11,000/- |
| | 4 | ഫർണ്ണിച്ചർ | സിഡ്കോ | TDPA/24-25/74 Dt.06.01.2025 | 63,584/- |
| | 5 | ഫർണ്ണിച്ചർ | സിഡ്കോ | TDPA/24-25/75 Dt.06.01.2025 | 14,092/- |
| ആകെ | | | | | 1,01,041/- |

**ഫലപ്രാപ്തി, നിർദ്ദേശങ്ങൾ**

സ്കീം 3 മുഖേന ലാബ് ഉപകരണങ്ങൾ, റിയേജന്റുകൾ എന്നിവ വാങ്ങിയതുവഴി കുടുംബാരോഗ്യ കേന്ദ്രത്തിലെ രോഗനിർണ്ണയസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. 31.08.2022 – ലെ സ.ഉ.(സാധാ)നം.2132/2022/ ത.സ്വ.ഭ.വ., ഖണ്ഡിക നം. 2.4 പ്രകാരം, ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ മുഖേന ചുവടെ ചേർത്തിട്ടുള്ള സേവനങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

1. ആരോഗ്യവർദ്ധക സേവനങ്ങൾ - ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
2. രോഗപ്രതിരോധ പ്രവർത്തനങ്ങൾ - വിവിധ രോഗങ്ങൾ വരാതിരിക്കുന്നതിനുള്ള ഇടപെടലുകൾ
3. വാർഷികആരോഗ്യപരിശോധനയിലൂടെ അസുഖങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
4. പ്രാഥമികരോഗചികിത്സാ സൗകര്യങ്ങൾ
5. ദീർഘകാലരോഗങ്ങൾ ഉള്ളവർക്ക് മാനസിക – സാമൂഹ്യ പിന്തുണ നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ
6. രോഗങ്ങൾ മൂലം കൂടുതൽ പ്രയാസമനുഭവിക്കുന്നവർക്ക് വീടുകളിൽ എത്തി നൽകുന്ന പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ.

എന്നാൽ സ്കീം 4 പ്രകാരം ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ മേൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ നടത്താൻ പര്യാപ്തമായവയല്ല.

ഹെൽത്ത് ഗ്രാന്റ് മുഖേന പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ 31.08.2022 – ലെ സ.ഉ.(സാധാ) നം.2132/2022/ ത.സ്വ.ഭ.വ. പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന വിവിധ സ്കീമുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ സാധൂകരിക്കുന്നവയാണെന്ന് ഉറപ്പാക്കേണ്ടതാണ്. ഉടുമ്പൻചോല ഗ്രാമപ്പഞ്ചായത്തിന്റെ വാർഷികകണക്കുകളിൽ ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം പ്രതിഫലിക്കുന്നുണ്ട്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മാലിന്യസംസ്കരണപ്ലാന്റ് നിർമ്മാണം - അതിർത്തി നിശ്ചയിച്ചതിൽ അപാകങ്ങൾ - പ്രവർത്തനം നിലച്ചു - ₹7,30,634/- നിരാകരിക്കുന്നു.

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | SO246/25, മാലിന്യസംസ്കരണപ്ലാന്റ് സ്ഥാപിക്കൽ – എം.സി.എഫ്. ചതുരംഗപ്പാറ |
| അടങ്കൽ തുക (₹) | 29,12,000/- (8,73,600/- CFC- Grant), (20,38,400/- Central Fund – Suchithamission) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ചെലവ് (₹) | 7,30,634/- |

| | |
|---|---|
| വൗച്ചർ നം./തീയതി | XVFC/2024-25P/72/26.03.2025(CFC) |
| അളവ് പുസ്തകം | E-Book |
| ഫയൽ നം. | 115023/2024-2025 |
| കരാറുകാരൻ | ശ്രീ ബിനീഷ് പി.ബി. |
| കരാർ നം./തീയതി | 67/AE/LSGD/UGP/24-25,DT.03.03.2025 |

ടി പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപ്പഞ്ചായത്ത് വാർഡ് 5 – ൽ ഏകവർഷപദ്ധതിയായി രൂപീകരിച്ച ചതുരംഗപ്പാറ എം.സി.എഫ്. നിർമ്മാണത്തിനായി കണ്ടെത്തിയ പ്രദേശം തമിഴ്നാടുമായി അതിർത്തി പങ്കുവയ്ക്കുന്ന മേഖലയാണ്. 10.03.2025 – ൽ പ്രവൃത്തി നടത്തിപ്പിനായി കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്.

2. 1st & Part Bill പ്രകാരം താഴെ ചേർക്കുന്ന ഇനങ്ങൾക്ക് പ്രവൃത്തി നടത്തിയതിന്റെ അടിസ്ഥാനത്തിൽ തുക കൈമാറിയിട്ടുണ്ട്.

(1)

| ഇനം.1.001 | 2.3.1 |
|---|---|
| Clearing Jungle Including Uprooting Of Rank Vegitation, Grass, Brush Wood, Trees And Sapling Of Girth Up To 30 Cm Measured At A Height Of 1m Above Ground Level And Removal Of Rubbish Up To Distence Of 50m Outside The Periphery Of The Area Cleared | |
| 14.50 X 4046.973 /Sqm | 58,681.11 |

(2)

| ഇനം.1.002 | 2.33.1 |
|---|---|
| Felling Trees Of The Girth Including Cutting Of Trunks And Branches, Removing The Roots And Stacking Of Serviceable Meterial And Disposal Of Unserviceable Material, Beyond 30cm Girth Up To And Including 60cm Girth | |
| 441.40 X 50 Sqm | 22,070.00 |

(3)

| ഇനം.1.003 | 2.33.2 |
|---|---|
| Felling Trees Of The Girth Including Cutting Of Trunks And Branches, Removing The Roots And Stacking Of Serviceable Meterial And Disposal Of Unserviceable Meterial.Beyond 60cm Girth And Including 120cm Girth | |
| 1965.20 X 15 Sqm | 29,478.00 |

(4)

| ഇനം.1.004 | 2.1.1 |
|---|---|
| Earth Work In Surface Excavation Not Exceeding 30cm In Depth But But Exceeding 1.5m In Width Aswell As 10 Sqm On Plan Including Disposal Of Excavated Earth Upto 50cm And Lift Up To 1.5m, Disposal Soil Be Levelled And Neatly Dressed, All Kinds Of Soil | |
| 107.36 X 600 Sqm | 64,416.00 |

(5)

| ഇനം.1.015 | 10.16.1 |
|---|---|
| Steel Work In Built Up Tubular Trusses Etc.Including Cutting Fixing Position And Applying A Priming Coat Of Approved Steel Primer Including Welding And Bolted With Special Shaped Washers Etc Completed, Hot Finished Welded Type Tubes. | |
| 166.35 X 3790.445 Kg | 6,30,540.53 |

(6)

| ഇനം.1.015 (Excess Qty) | 10.16.1 |
|---|---|
| Hot Finished Welded Type Tubes | |
| 166.35 X 639.598 Kg | 1,06,397.12 |

(7)

| ഇനം.E2.001(Extra Item) | 2.6.1 |
|---|---|
| Earth Work Excavation By Mechanical Means/Manuel Means Over Areas, Including Disposal Of Excavated Earth, Lead Up To 50m And Lift Up To 1.5m, Disposed Earth To Be Levelled And Neatly Dressed All Kinds Of Soil. | |
| 210.85 X 484.500 Sqm | 1,02,156.83 |
| ആകെ | 10,13,739.59 |

ഈ പദ്ധതിയ്ക്ക് വേണ്ടി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ആകെ ചെലവാക്കിയ തുക ₹7,20,497/- ആണ്. (ശുചിത്വമിഷൻ ഗ്രാന്റ് ചെലവാക്കിയിട്ടില്ല)

| നൽകാവുന്ന തുക | |
|---|---|
| ഇനം | തുക (₹) |
| ആകെ പ്രവൃത്തിമൂല്യം | 10,13,739.59 |
| (+) ജി.എസ്.ടി. @18% | 1,83,473.00 |
| ആകെ | 11,96,212.59 |
| കുറയ്ക്കുക | |
| ജി.എസ്.ടി. @ 2% | 23,924.24 |
| ആദായനികുതി @ 1% | 11,962.12 |
| വെൽഫയർ ഫണ്ട്- @1% | 11,962.12 |
| റീടെൻഷൻ @2.5% | 23,924.24 |
| ആകെ | 71,772.72 |
| കരാറുകാരന് നൽകാവുന്ന തുക | 11,24,439.87 (11,96,212.59 – 71,772.72) |
| കരാറുകാരന് നൽകിയ തുക | 6,64,741/- |
| ആകെ ചെലവ് (OH ഉൾപ്പെടെ) | 7,20,497/- |

റണ്ണിംഗ് അക്കൗണ്ട് ബിൽ പ്രകാരം കണക്കാക്കിയിരിക്കുന്ന തുക

| ഇനം | തുക (₹) |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 10,13,720.41 |
| (-) | 00.41 |
| ആകെ | 10,13,720.00 |
| ജി.എസ്.ടി. @ 18% | 1,82,470.00 |

| | |
|---|---|
| ആകെ | 11,96,190.00 |
| കുറയ്ക്കുക | |
| ജി.എസ്.ടി. @ 2% | 20,276.00 |
| ആദായനികുതി @ 1% | 10,137.00 |
| W.W.F. @ 1% | 10,137.00 |
| റീടെൻഷൻ @ 2.5% | 25,343.00 |
| ആകെ (-) | 68,893.00 |
| ചെക്ക് തുക | 11,30,297.00 |

<u>അപാകങ്ങൾ</u>

1) കരാറുകാരന്റെ 16.04.2025 – ലെ കത്തിൽ, പ്രവൃത്തി നടക്കുന്ന ചതുരംഗപ്പാറയിലെ സൈറ്റിൽ തമിഴ്നാട് സർക്കാരിന്റെ വനംവകുപ്പ് ഉദ്യോഗസ്ഥർ പ്രവൃത്തി നടക്കുന്ന പ്രദേശം തമിഴ്നാടിന്റെ സ്ഥലമാണെന്ന് അവകാശപ്പെട്ട് പ്രവൃത്തി തടസ്സപ്പെടുത്തിയതായി വ്യക്തമാക്കിയിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടി ധനകാര്യകമ്മീഷൻ- ഗ്രാന്റിൽ നിന്നും ആകെ ചെലവാക്കിയ തുക ₹7,20,497/- ആണ്. (ശുചിത്വമിഷൻ ഗ്രാന്റ് ചെലവാക്കിയിട്ടില്ല)

2) ഉത്തമപാളയം ഫോറസ്റ്റ് റേഞ്ച് ഓഫീസറുടെ 22.04.2025 – ലെ C.NO.233/2015 – നമ്പർ സ്റ്റോപ്പ് മെമ്മോ കത്തിൽ പ്രവൃത്തി നടക്കുന്ന സൈറ്റ് തമിഴ്നാട് ഏരിയായിലുള്ള സ്ഥലമാണെന്നും തേവാരം ഹിൽസ് റിസേർവ്ഡ് ഫോറസ്റ്റ് ഏരിയായിൽ ഉൾപ്പെടുന്നതും (സർവ്വേ നം.74), ഇന്റർ സ്റ്റേറ്റ് ബൌണ്ടറി കല്ലുകളും അടയാളങ്ങളും ഉള്ള സ്ഥലത്താണ് ഈ സൈറ്റ് സ്ഥിതിചെയ്യുന്നതെന്നും വ്യക്തമാക്കിയിട്ടുണ്ട്.

3) കരാറുകാരന്റെ കത്തിന് മറുപടിയായി നിർവ്വഹണോദ്യോഗസ്ഥ 02.05.2025 – ലെ 25/AE/LID&EW/UGP/25-26 – നമ്പർ കത്ത് പ്രകാരം, പ്രസ്തുത പ്രവൃത്തി നിർത്തിവെയ്ക്കുവാൻ കരാറുകാരനോട് നിർദ്ദേശിച്ചിട്ടുണ്ട്.

4) പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ പ്രവൃത്തിയുടെ സൈറ്റായി തിരഞ്ഞെടുത്ത പ്രദേശം ബന്ധപ്പെട്ട റവന്യൂ അധികാരികളുടെ സാക്ഷ്യപത്രത്തോടെ ടി മേഖല വനപ്രദേശമല്ലെന്നും അതിർത്തി മേഖലയായതിനാൽ കൈയേറ്റം നടന്നിട്ടില്ലായെന്ന് ഉറപ്പുവരുത്താതെയുമാണ് പഞ്ചായത്ത് പദ്ധതിയുമായി മുന്നോട്ട് പോയത്. തമിഴ്നാട് ഫോറസ്റ്റ് അധികാരികളുടെ കത്തിൽ സ്ഥലത്തിന്റെ സർവ്വേ നമ്പർ ഉൾപ്പെടെ പരാമർശിച്ചതിൽ നിന്നും പദ്ധതി നടപ്പാക്കിയിരിക്കുന്ന ഈ സ്ഥലം പഞ്ചായത്ത് കൈയേറ്റം നടത്തിയെന്നുള്ളത് വ്യക്തമാണ്.

5) വനപ്രദേശത്തിനോട് ചേർന്നതും പ്രകൃതിലോലമേഖലയിൽ (BUFFER ZONE) ഉൾപ്പെട്ടതും ടൂറിസ്റ്റ് കേന്ദ്രമായ ചതുരംഗപ്പാറ പ്രദേശത്തുള്ളതും ആന തുടങ്ങിയ വന്യമൃഗങ്ങളുടെ നിരന്തരമായ സാന്നിധ്യം ഉള്ളതുമായ ഈ പ്രദേശം പദ്ധതി നടത്തിപ്പിനായി കണ്ടെത്തിയതിന്റെ സാങ്കേതികത്വം വ്യക്തമല്ല. കൂടാതെ പദ്ധതിയുടെ ഫീസിബിലിറ്റി പരിശോധിക്കാതെയാണ് ഈ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കിയിരിക്കുന്നത്.

6) ഓഡിറ്റ് ടീം 15.07.2025 - ൽ ഉടുമ്പൻചോല LID & EW സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ, സൈറ്റിൽ കുഴി നിർമ്മിച്ച് പ്ലാസ്റ്റിക്ക്, കുപ്പി തുടങ്ങിയ അജൈവമാലിന്യങ്ങൾ നിക്ഷേപിച്ച നിലയിലാണ്.

7) അളവ് ബുക്ക് പ്രകാരം തുക അനുവദിച്ചിരിക്കുന്ന ക്രമ നം. 5 ഇനം 1.015-10.16.1 എന്ന സ്റ്റീൽ പ്രവൃത്തിയും, ക്രമ നം. 6 – ഇനം 1.015, 10.16.1 സ്റ്റീൽ പ്രവൃത്തിയും (Excess Quantity) ചെയ്തിട്ടില്ലയെന്ന് സ്ഥല പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. (സ്ഥലപരിശോധന റിപ്പോർട്ട് കാണുക) എന്നാൽ ഈ പ്രവൃത്തികൾക്കായി ₹7,36,937.65 ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുമുണ്ട്. (ജി.എസ്.ടി. കൂടാതെ) ഈ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല.

പദ്ധതി നടത്തിപ്പിൽ വന്ന മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അന്വേഷണക്കുറിപ്പ് (നം.24/16.07.2025) നൽകിയതിന്, പദ്ധതി നടപ്പാക്കിയ സ്ഥലം തമിഴ്നാട് വനം വകുപ്പിന്റെ

സ്ഥലം എന്ന് പറഞ്ഞ് തടസ്സപ്പെടുത്തിയതിനാൽ പ്രവൃത്തി നിർത്തിവച്ചു എന്നാണ് മറുപടി നൽകിയത്. ഈ മറുപടി തൃപ്തികരമല്ല. ഏകവർഷപദ്ധതിയായി ആരംഭിച്ച ടി പദ്ധതി തർക്കപ്രദേശമായി മാറിയതിനാൽ വ്യവഹാര നടപടികളുടെ കാലതാമസം പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ വന്ന മേൽ അപാകങ്ങൾ നിലനിൽക്കുന്നു. കൂടാതെ ഇനം 5, 6 സ്റ്റീൽ പ്രവൃത്തികൾ നടത്തിയിട്ടില്ലാത്തതിനാൽ ഈ പദ്ധതിയ്ക്കായി ചെലവഴിച്ച തുക ₹7,30,634/- ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക അളവുകൾ രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ഉപരിപരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

### 3-2 അങ്കണവാടി ഭക്ഷ്യസാമഗ്രികൾ - ന്യൂട്രിമിക്സ് വിതരണം ജി.എസ്.ടി. ഇനത്തിൽ അധികം തുക നൽകി - ₹36,260/- തടസ്സപ്പെടുത്തുന്നു

| പദ്ധതി നം./പദ്ധതിയുടെ പേര് | 29/2025, പൂരകപോഷകാഹാര പദ്ധതി | |
|---|---|---|
| അടങ്കൽ ആകെ (₹) | 26,50,000/- | 16,50,000/- (പൊതുവിഭാഗം) |
| | | 10,00,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥൻ | സൂപ്പർവൈസർ, ഐ.സി.ഡി.എസ്. | |

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 25.05.2018 – ലെ സ.ഉ.(സാധാ)നം.450/2018/ത.സ്വ.ഭ.വ. – പ്രകാരം അമൃതം ന്യൂട്രിമിക്സിന് 5% ജി.എസ്.ടി. ഉൾപ്പെടെ കിലോഗ്രാമിന് ₹73.50 നിരക്കിൽ വില നിശ്ചയിച്ചിട്ടുണ്ടെങ്കിലും കേന്ദ്ര സർക്കാരിൽ നിന്നും ഒരു സ്പഷ്ടീകരണം ഉണ്ടാകുന്നത് വരെ ഉത്തരവ് പാലിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. അങ്കണവാടികൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾക്കുള്ള ഭക്ഷണവിതരണസേവനങ്ങളെ ജി.എസ്.ടി. – യിൽ നിന്നും ഒഴിവാക്കിയതായി കേന്ദ്രസർക്കാരിന്റെ ജി.എസ്.ടി. വകുപ്പിന്റെ 17.08.2021 – ലെ 149/05/2021 – നമ്പർ സർക്കുലർ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തൻവർഷം മഞ്ഞപ്പാറ പവിത്രം ന്യൂട്രിമിക്സ്, എന്ന സ്ഥാപനത്തിന് പൂരകപോഷകാഹാര പദ്ധതി (എസ് 29/2025) പദ്ധതി പ്രകാരം THRS വിതരണം ചെയ്ത ഇനത്തിൽ 5 ശതമാനം ജി.എസ്.ടി. ഉൾപ്പെടെ കിലോഗ്രാമിന് ₹73.50 എന്ന നിരക്കിൽ താഴെ പറയും പ്രകാരം 10360 കിലോഗ്രാമിന് ആകെ ₹7,61,460/- നൽകിയിരിക്കുന്നു.

| ബിൽ നമ്പർ/ തീയതി/തുക (₹) | മഞ്ഞപ്പാറ പവിത്രം ന്യൂട്രിമിക്സിന്റെ ബിൽ നം./ തീയതി | ന്യൂട്രിമിക്സ് തൂക്കം (കി.ഗ്രാം.) | നൽകിയ തുക (₹) (@73.50) | നൽകേണ്ട തുക (₹) (@70.00) | അധികം നൽകിയ തുക (₹) |
|---|---|---|---|---|---|
| 24100452010400499071/ 05.08.2024/6,13,644/- | 57/23.04.2024 | 1,032.50 | 75,888.75 | 72,275.00 | 3,613.75 |
| | 63/17.05.2024 | 897.00 | 65,929.50 | 62,790.00 | 3,139.50 |
| | 65/10.06.2024 | 952.00 | 69,972.00 | 66,640.00 | 3,332.00 |
| 24100452010400691338/ 23.09.2024/3,29,066/- | 71/29.07.2024 | 783.00 | 57,550.50 | 54,810.00 | 2,740.50 |
| | 75/29.08.2024 | 945.00 | 69,457.50 | 66,150.00 | 3,307.50 |
| 24100452010400821811/ 25.10.2024/1,42,823/- | 79/26.09.2024 | 819.00 | 60,196.50 | 57,330.00 | 2,866.50 |
| | 85/17.10.2024 | 1,015.00 | 74,602.50 | 71,050.00 | 3,552.50 |
| 24100452010401104306/ 28.12.2024/5,03,786/- | 95/26.11.2024 | 774.00 | 56,889.00 | 54,180.00 | 2,709.00 |
| | 96/19.12.2024 | 889.00 | 65,341.50 | 62,230.00 | 3,111.50 |
| Cheque No.016513 13.03.2025/4,55,533/- | 104/27.01.2025 | 699.00 | 51,376.50 | 48,930.00 | 2,446.50 |
| | 109/19.02.2025 | 843.50 | 61,997.25 | 59,045.00 | 2,952.25 |
| Cheque No.016516 26.03.2025/61,264/- | 114/24.03.2025 | 711.00 | 52,258.50 | 49,770.00 | 2,488.50 |
| ആകെ | | 10,360.00 | 7,61,460.00 | 7,25,200.00 | 36,260.00 |

അങ്കണവാടി ഭക്ഷ്യസാമഗ്രികൾക്ക് 5 ശതമാനം ജി.എസ്.ടി. ഉൾപ്പെടെ കിലോഗ്രാമിന് ₹70/- എന്ന നിരക്കേ അനുവദിക്കാൻ പാടുള്ളു എന്ന വ്യവസ്ഥയിരിക്കെ കിലോഗ്രാമിന് ₹70.30/- നൽകിയതുവഴി ₹ 36,260/- യുടെ അധിക ചെലവുണ്ടായതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/തീ.15.07.2025) മറുപടി ലഭ്യമാക്കിയില്ല. സ്ഥാപനത്തിന് അധികം നൽകിയ ₹ 36,260/- തടസപ്പെടുത്തുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച് പരിശോധന

മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹ | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹) | റിമാർക്സ് |
|---|---|---|---|---|
| 28 | 99,000/- | 99,000/- | 0 | 0 |

* 01.04.2024 മുതൽ 31.03.2025നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 – നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹) | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹) | റിമാർക്സ് |
|---|---|---|---|---|---|
| 1 | 5/2024 | 5,500/- | 5,500/- | | |

**മെഡിസെപ് പ്രീമിയം ഒടുക്കി (01.07.2024 – ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹) | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹) | **റിമാർക്സ്** |
|---|---|---|---|---|
| 29 | 1,04,500/- | 1,04,50/- | Nil | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 – നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹) | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹) | റിമാർക്സ് |
|---|---|---|---|---|---|
| ബാധകമല്ല | | | | | |

## 4-2 സംയുക്തപദ്ധതികൾക്ക് ലഭിച്ച തുകയുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പദ്ധതിയുടെ പേര്/ പദ്ധതി നം. | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് | 2024-2025 | 4,24,000/- | ലൈഫ് ഭവനപദ്ധതി - പട്ടിക വർഗ്ഗം (39/25) | 4,24,000/- | 0 |
| നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് | 2024-2025 | 3,20,000/- | ലൈഫ് ഭവനപദ്ധതി – ജനറൽ (193/25) | 3,20,000/- | 0 |
| നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് | 2024-2025 | 50,000/- | ഭവന പുനരുദ്ധാരണം പദ്ധതി – ജനറൽ അതിദരിദ്രർ (186/25) | 50,000/- | 0 |
| നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് | 2024-2025 | 1,50,000/- | ശാരീരിക – മാനസിക നേരിടുന്നവർക്ക് സ്കോളർഷിപ്പ് (83/25) | 1,50,000/- | 0 |
| നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് | 2024-2025 | 8,90,000/- | ലൈഫ് ഭവനപദ്ധതി – പട്ടികജാതി (24/25) | 8,90,000/- | 0 |
| നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് | 2024-2025 | 50,000/- | ലൈഫ് ഭവനപദ്ധതി – പട്ടികജാതി (189/25) | 50,000/- | 0 |
| ആകെ | | 18,84,000/- | ആകെ | 18,84,000/- | |

| | | | | | |
|---|---|---|---|---|---|
| ഇടുക്കി ജില്ലാപ്പഞ്ചായത്ത് | 2024-2025 | 490,000/- | ലൈഫ് 2020 ഭവനപദ്ധതി – ജനറൽ (193/25) | 4,90,000/- | 0 |
| ഇടുക്കി ജില്ലപ്പഞ്ചായത്ത് | 2024-2025 | 1,00,000/- | ശാരീരിക – മാനസിക നേരിടുന്നവർക്ക് സകോളർഷിപ്പ് (83/25) | 1,00,000/- | 0 |
| ഇടുക്കി ജില്ലപ്പഞ്ചായത്ത് | 2024-2025 | 71,670/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (89/25) | 171,670/- | 0 |
| ആകെ | | 6,61,670/- | ആകെ | 6,61,670/- | 0 |

## 4-3 നിക്ഷേപപ്രവൃത്തികളുടെ വിവരം

ഇല്ല

## 4-5 വായ്പ - വായ്പതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നം, തീയതി | തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷ വായ്പത്തുക (₹) | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവനനിർമ്മാണം | സ.ഉ.(സാ). നം.110/2018/ ത.സ്വ.ഭ.വ. തീ.13.08.2018 | 7,44,56,000/- | 6,32,78,100/- | 52,65,622/- | 61,19,166/- | 0 | 6,24,24,556/- |
| കെ.യു.ആർ.ഡി.എഫ്.സി കോ-ഓപ്പറേറ്റീവ് ബാങ്ക് ലോൺ (ലോൺ വിവരം ലഭ്യമല്ല) | | | 49,09,639/- | | | | 49,09,639/- |

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച ₹1,22,546/- യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക നം. | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ ഡി.ഡി. നം./ തീയതി |
|---|---|---|---|---|
| 2015-2016 | 3-2 | 36,472/- | ശ്രീ ജൂബിൻ കെ.ജെ. കോൺട്രാക്ടർ | 12400000025/31.05.2024 |
| 2019-2020 | 3-1 | 10,022/- | ശ്രീ ജൂബിൻ കെ.ജെ. കോൺട്രാക്ടർ | 1240000026/31.05.2024 |
| 2019-2020 | 3-3 | 63,238/- | ശ്രീ ജൂബിൻ കെ.ജെ. കോൺട്രാക്ടർ | 1240000027/31.05.2024 |
| 2019-2020 | 3-5 | 2,062/- | ശ്രീ ജൂബിൻ കെ.ജെ. കോൺട്രാക്ടർ | 1240000028/31.05.2024 |
| 2021-2022 | 1-21 | 5,376/- | ശ്രീ ബാബു ദേവസ്യ കോൺട്രാക്ടർ | 1240100957/29.08.2024 |
| ആകെ | | 1,22,546/- | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 – ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-2004 | 3-5 | 2006-2007 | 3.35.1 | നിക്ഷേപ വേലകൾ പൂർത്തിയാക്കിയിട്ടില്ല | തീർപ്പാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 2002-2003 | 3-7 | 2006-2007 | 3-35.2 | വൗച്ചറുകളും രേഖകളും ഹാജരാക്കിയില്ല | തീർപ്പാക്കിയിട്ടില്ല |
| 2002-2003 | 2-2 | 2006-2007 | 3.35.3 | നിയമപരമായ രജിസ്റ്റർ എഴുതുന്നില്ല | തീർപ്പാക്കിയിട്ടില്ല |
| 2004-2005 | 3-7 | 2008-2009 | 3.7.2 | ആശ്രയ ഭവന പദ്ധതി രേഖകളും രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല | തീർപ്പാക്കിയിട്ടില്ല |
| 2004-2005 | 3-8 | 2008-2009 | 3.5.7 | കമ്പ്യൂട്ടർ പരിശീലനപദ്ധതി ധനദുർവിനിയോഗം | തീർപ്പാക്കിയിട്ടില്ല |
| 2006-2007 | 3-4 | 2010-2011 | 2.14 | നിക്ഷേപ വേലകൾ പൂർത്തിയാക്കിയിട്ടില്ല | തീർപ്പാക്കിയിട്ടില്ല |
| - | - | 2012-2013 | 2-6 | ലൈബ്രറികളുടെയും സാംസ്കാരിക നിലയങ്ങളുടെയും നടത്തിപ്പ് – ലഘു അവലോകനം | തീർപ്പാക്കിയിട്ടില്ല |
| - | - | 2015-2016 | 4.1.5 | തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് സമ്പ്രദായം | തീർപ്പാക്കിയിട്ടില്ല |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

എ) <u>ചാർജ്ജ് നടപടികൾ വഴി ഈടാക്കിയ തുക</u>

ഇല്ല

ബി) <u>സർചാർജ്ജ് നടപടികൾ വഴി ഈടാക്കിയ തുക</u>

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക ₹ (രസീത് നം./ തീയതി) | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപന ത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തി യിട്ടുണ്ടോ | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക (₹), തീയതി | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക (₹) | അവ ശേഷി ക്കുന്ന തുക/ ബാധ്യത (₹) | റിമാർക്ക |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./ തീയതി | തുക (₹) | | | | ഉൾപ്പെട്ട തുക (₹) | ഈടാക്കിയ തുക (₹) | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 2006-2007 | 3(1) | ശ്രീ എം. കെ. ചെല്ലപ്പൻ ചൈതന്യ താമരക്കുളം | LF-1365/ Spl.Cell/ Csc/ C1/2011 Dt.18.10.2013 | 93,952 | | (*)ഇല്ല | 85,750 | | | 85,750 | 8,202 | |
| 2 | 1997-1998 | 30(2), 30(1), (2), 29(1), 31,32, 33,38 | ശ്രീ ധർമ്മപാലൻ സെക്രട്ടറി | Lf-5680/ Spl.Cell/ Sc2/01 Dt.18.05.2001 | 5,386 | നം.20/ 49950/ 04.12.2002 280/-, 22/49950 323/-, 68/82007/ 17.11.2007 1,300/-, 68/82007 17.11.2007 ₹233/-, 21/49950 217/-, 68/82025 17.11.2008 510/- | -- | | | | 2,863 | ഇല്ല | |
| 3 | 1998-1999 | 22, 31 | ശ്രീ വി. ബാലകൃഷ്ണ റാവു,, സെക്രട്ടറി | LF-9386/ SC2/02 Dt. 07.01.2003 | 5,455 | | (*)ഇല്ല | | | | | 5,455 | |
| 4 | 1999-2000 | 27(1), (2), (3) | ശ്രീ പി. ജോൺസ് | LF1-6201/03 Dt.05.02.2005 | 21,500 | | (*)ഇല്ല | | | | | 21,500 | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 5 | 1997-1998 | 27, 28 | ശ്രീ ധർമ്മപാലൻ, സെക്രട്ടറി | Lf 5680/ Spl.Cell/ Sc2/2001 Dt.03.09.2002 | 2,419 | 2,419 Re.No68/ 82007 Dt. 17.11.2007 | -- | | | | | 2,419 | ഇല്ല |

**4-10 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ് (₹) | 1,13,81,530/- |
| തൻവർഷ വരവ് (₹) | 3,82,42,142/- |
| ആകെ (₹) | 4,96,23,672/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 3,37,02,729/- |
| ഓഡിറ്റ് വർഷത്തെ നീക്കിയിരിപ്പ് (₹) | 1,59,20,943/- |

(കുറിപ്പ് : പഞ്ചായത്തിന്റെ 2024-2025 വർഷത്തെ റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്)

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (₹) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം (₹)/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | 7,66,894/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹) | 8,64,890/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 3-1 (1-24) | - | 7,30,634/- | 3,65,317/- | ശ്രീമതി അജിത പി. കുമാരൻ അസിസ്റ്റന്റ് എഞ്ചിനീയർ |
| | | | 3,65,317/- | ശ്രീ സൈജു. റ്റി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 (1-15) | - | 36,260/- | | ശ്രീമതി അന്നമ്മ കെ.സി. ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 90,000/- | ശ്രീമതി മെൽവിൻ ജോർജ്ജ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-17 | 1,00,000/- | ശ്രീ ഗിഫ്റ്റി ജെ. സെക്രട്ടറി |
| 1-19 | 14,890/- | ശ്രീ ഗിഫ്റ്റി ജെ. സെക്രട്ടറി |
| 1-20 | 3,30,000 | ശ്രീ പി സി ഫി. അസിസ്റ്റന്റ് സെക്രട്ടറി |
| 1-22 | 3,30,000/- | ശ്രീ ജോഷി എം.മണി. അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി അജിത പി.കുമാരൻ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ രാജകുമാരി ഗ്രാമപഞ്ചായത്ത് | സായിസദനം എൻ.ആർ.സി.റ്റി. (പി.ഒ.) രാജാക്കാട്, ഇടുക്കി ജില്ല. |
| ശ്രീ ഗിഫ്റ്റി ജെ. സെക്രട്ടറി | സെക്രട്ടറി ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് | മണിപൊയ്ക ചാപ്രായിൽ, പടപ്പക്കര പി.ഒ. കൊല്ലം ജില്ല, പിൻ – 691503 |

| | | |
|---|---|---|
| ശ്രീ പി. സിഫി. അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി കൊല്ലം കോർപ്പറേഷൻ | സിയ വില്ല, ശ്രീഷ്ണ നഗർ, കാരിക്കോട് പി.ഒ., കൊല്ലം ജില്ല |
| ശ്രീ ജോഷി എം.മണി അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി പള്ളിവാസൽ ഗ്രാമപഞ്ചായത്ത് | ആലപ്പാട്ട് ഗാന്ധിനഗർ ഹൌസിംഗ് കോളനി, തൊടുപുഴ, ഇടുക്കി ജില്ല. |
| ശ്രീമതി മെൽവിന്റ ജോർജ്ജ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കരുണാപുരം | പള്ളിവാതുക്കൽ വീട് കാഞ്ചിയാർ പി.ഒ. കക്കാട്ടുകട ഇടുക്കി ജില്ല |
| ശ്രീമതി അന്നമ്മ കെ.സി., ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഇരുമ്പുകുത്തിയിൽ, നെടുങ്കണ്ടം പി.ഒ., ഇടുക്കി ജില്ല |
| ശ്രീ സൈജു റ്റി. അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ | അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് | ബിജുസദനം, രാജാക്കാട് ഇടുക്കി ജില്ല, പിൻ – 685566, |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നം. |
|---|---|---|---|
| 1996-1997 | കെ.എസ്.എ.ഐ.ഡി.കെ.പി6/1455(1996-97) (അദാലത്ത് )/2022/29.09.2022 | 4 | 31, 32, 38(1), 38(2) |
| 1997-1998 | കെ.എസ്.എ.ഐ.ഡി.കെ.പി6/1455 (1997-98) (അദാലത്ത് )/2022/29.09.2022 | 1 | 32 |
| 1998-1999 | കെ.എസ്.എ.ഐ.ഡി.കെ.പി6/1455(1998-99) (അദാലത്ത് )/2022/29.09.2022 | 6 | 2-22, 2-25(A), 2-25(B),3-31, 3-38 |
| 1999-2000 | കെ.എസ്.എ.ഐ.ഡി.കെ.പി6/1455(1999-2000) (അദാലത്ത് )/2022/29.09.2022 | 3 | 2-27(1, 2, 3) |
| 2006-2007 | കെ.എസ്.എ.ഐ.ഡി.കെ.പി6/1455(2006-07) (അദാലത്ത്)/2022/29.09.2022 | 2 | 3-1, 3-4 |
| 2007-2008 | കെ.എസ്.എ.ഐ.ഡി.കെ.പി6/1455(2007-08) (അദാലത്ത്)/ 2022/29.09.2022 | 3 | 3-6, 3-7, 3-8 |
| 2008-2009 | കെ.എസ്.എ.ഐ.ഡി.കെ.പി6/1455(2008-09) (അദാലത്ത്)/2022/29.09.2022 | 3 | 3-10, 3-15, 3-16 |
| 2009-2010 | കെ.എസ്.എ.ഐ.ഡി.കെ.പി6/1455(2009-10) (അദാലത്ത്)/2022/29.09.2022 | 1 | 3-6 |
| 2010-2011 | കെ.എസ്.എ.ഐ.ഡി.കെ.പി6/1455(2010-11) (അദാലത്ത്)/2022/29.09.2022 | 3 | 3-2, 3-3, 3-8 |
| 2011-2012 | കെ.എസ്.എ.ഐ.ഡി.കെ.പി6/1455(2011-12) (അദാലത്ത്)/2022/29.09.2022 | 8 | 3-1, 3-3, 3-5, 3-6, 3-14, 3-15, 3-20, 3-22 |
| 2012-2013 | കെ.എസ്.എ.ഐ.ഡി.കെ.പി6/1455(2012-13) (അദാലത്ത് )/2022/29.09.2022 | 1 | 3-1 |
| 2013-2014 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(2013-14) (അദാലത്ത് )/2022/29.09.2022 | 1 | 3-7 |
| 2014-2015 | കെ.എസ്.എ.ഐ.ഡി.കെ.പി6/1455(2014-15) (അദാലത്ത് )/2022/29.09.2022 | 2 | 3-1, 3-6 |
| 2015-2016 | കെ.എസ്.എ..ഐ.ഡി.കെ.പി6/1455(2015-16) (അദാലത്ത് )/2022/29.09.2022 | 8 | 2-1, 2-6,3-2, 3-3, 3-4,3-6, 3-7 |
| 2016-2017 | കെ.എസ്.എ.ഐ.ഡി.കെ.പി6/1455(2016-17) (അദാലത്ത് )/2022/29.09.2022 | 1 | 3-1 |
| 2017-2018 | കെ.എസ്.എ.ഐ.ഡി.കെ.പി6/1455(2017-18) (അദാലത്ത് )/2022/29.09.2022 | 5 | 1-12, 2-2, 3-2, 3-3, 3-11 |
| 2018-2019 | കെ.എസ്.എ.ഐ.ഡി.കെ.പി6/1455(2018-19) (അദാലത്ത് )/2022/29.09.2022 | 8 | 1-14, 1-32, 1-35, 1-36, 1-37, 1-38, 3-1 (1-20) |

| | | | |
|---|---|---|---|
| 2019-2020 | കെ.എസ്.എ.-ഐ.ഡി.കെ-പി12/638/2022/21.06.2022 | 14 | 1-3-3, 1-18, 1-21, 1-22, 1-24, 1-25, 1-26, 3-1,3-2, 3-3, 3-4,3-5, 3-6, 3-7 |
| 2020-2021 | കെ.എസ്.എ.ഐ.ഡി.കെ.പി6/1455(2020-21) (അദാലത്ത് )/2022/29.09.2022 | 13 | 1-20, 1-21, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30,1-31, 3-2, 3-3 |
| 2021-2022 | കെ.എസ്.എ.ഐ.ഡി.കെ.പി6-1726/2022/തീ. 12.01.2023 | 39 | 1-1 മുതൽ 1-26 വരെ, 3-1, 3-2, 4-1 മുതൽ 4-11 വരെ |
| 2022-2023 | കെ.എസ്.എ.ഐ.ഡി.കെ.പി6-874/2024/തീ.19.06.2024 | 12 | 1-1-1, 1-1-2, 1-1-6, 1-8, 1-9, 1-12 മുതൽ 1-16, 4-8, 4-11 |
| 2023-2024 | കെ.എസ്.എ.ഐ.ഡി.കെ.പി6-571/2025/തീ.03.05.2025 | 41 | 1-1, 1-1-1 മുതൽ 1-1-9, 1-3, 1-3-1 മുതൽ 1-5 വരെ 1-9 മുതൽ 1-29 വരെ 3-2, 4-4, 4-5, 4-7, 4-10 |

ഡെപ്യൂട്ടി ഡയറക്ടർ

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 4(1) dated 04-06-2025 and submitted on 23-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Udumbanchola Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Udumbanchola Grama Panchayat as on 31-03-2025

**Date: 10/10/2025** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Udumbanchola Grama Panchayat for the Year 2024-2025.

**1.Major Observations**

The following madatory financial statements prescribed in Kerala Panchayat Raj Accounting Rules 2011 are not submitted for audit
(i) Notes to accounts.
(ii) Ratios.

**2.Other Observations**

1. Cashflow statement- Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
2. Asset register has not been kept up-to-date by carrying out valuation of assets in the institution as per instructions in G.O(MS)152/2011 dated 6/07/2011. Hence it is not clear whether the value of the assets are included under appropriate heads in Annual Financial Statements.

3. In the case of calculating depreciation of assets, it is not possible to ensure that the depreciation was calculated at a specific rate. The worksheets of depreciation of assets are not reliable for audit.

4. Lack of authorised journal vouchers for supporting the adjustment entries revolded.

5. Figures shown in Balance Sheet as Capital Work in Progress does not match with the actuals.
6. Lapsed deposits were not forfeited.
7. Deposited cheques not credited.
8. Important registers like Advance register, Deposit register, Loan register are not kept up to date.
9. Not providing adequate provision for doubtful debts.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്